**പന്ത്രണ്ടാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ജൂലൈ 5, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിര പ്രമേയം

പെട്രോൾ, ഡീസൽ വില വർദ്ധനവിനെതിരായ രണ്ടാമത്തെ ഹർത്താൽ

മി. സ്പീക്കർ : ഒരേ വിഷയത്തിനുവേണ്ടി പത്തുദിവസത്തിനുള്ളിൽ സംസ്ഥാനത്തെ ഭരണകക്ഷികൾ ആഹ്വാനം ചെയ്ത രണ്ടാമത്തെ ഹർത്താൽ ദിവസവും ജനങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനത്തിനും ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ഭരണഘടനാപരമായ ബാദ്ധ്യത നിറവേറ്റുന്നതിൽ സർക്കാർ പരാജയപ്പെട്ടതുകാരണം ഭരണഘടനാ പ്രതിസന്ധി ഉണ്ടായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ജി. കാർത്തികേയൻ, ജോസഫ് എം. പുതുശ്ശേരി, കെ. കുട്ടി അഹമ്മദ് കുട്ടി,

കെ.ബി ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഈ സർക്കാരിന്റെ കാലത്ത് ജില്ലാടിസ്ഥാനത്തിൽ കേരളത്തിൽ 53 ഹർത്താലുകളും സംസ്ഥാന തലത്തിൽ 13 ഹർത്താലുകളും നടന്നിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധിക്കുന്ന വിധത്തിൽ പെട്രോൾ, ഡീസൽ, പാചകവാതകം, മണ്ണെണ്ണ എന്നിവയ്ക്ക് കേന്ദ്ര ഗവൺമെന്റ് വില വർദ്ധിപ്പിച്ചത് ജനങ്ങളെ ദുരിതത്തിലാഴ്ത്തിയിരിക്കുകയാണ്. ഈ സാഹചര്യത്തിലാണ് ഇതിന് കാരണക്കാരായിട്ടുള്ളവരോടുള്ള ശക്തമായ പ്രതിഷേധം ആവർത്തിച്ച് പ്രകടിപ്പിക്കാൻ തീരുമാനിച്ചത്. അത്യന്തം ജനദ്രോഹകരമായ ഈ നയ സമീപനങ്ങളിൽനിന്ന് കേന്ദ്ര സർക്കാരിനെ പിന്തിരിപ്പിക്കാനുള്ള ഏകവഴിയായിട്ടാണ് ഇടതുപക്ഷ പാർട്ടികൾ ഇതിനെ കാണുന്നത്. പ്രതിപക്ഷവും ഇതിനോട് സഹകരിക്കാൻ തയ്യാറാകണം. കേന്ദ്രം കാണിക്കുന്ന കൊള്ളരുതായ്മയേയും ദേശദ്രോഹപരമായ നയത്തെയും ന്യായീകരിക്കുന്നതിനുപകരം അതിനെതിരെ ശക്തമായ പ്രതിഷേധം പ്രകടിപ്പിക്കാൻ പ്രതിപക്ഷം തയ്യാറാകണം.

ശ്രീ. ജി. കാർത്തികേയൻ: അത്യാവശ്യ സന്ദർഭങ്ങളിൽ ഹർത്താൽ ആചരിക്കുന്നതിന് എതിരായിട്ടല്ല മറിച്ച്, പത്തുദിവസത്തിനുള്ളിൽ ഒരേ വിഷയത്തിന്റെ പേരിൽ ഒരു ജനതയെ ബന്ദികളാക്കി നടത്തുന്ന ധാർഷ്ട്യം നിറഞ്ഞ അക്രമ വാഴ്ചയ്ക്കെതിരെയാണ് അടിയന്തിരപ്രമേയം കൊണ്ടുവന്നിട്ടുള്ളത്. വിലക്കയറ്റം തടയുന്നതിനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകുമെന്ന് ഇന്ത്യൻ പ്രധാനമന്ത്രി പറഞ്ഞിട്ടുണ്ട്. വിലക്കയറ്റം തടയുന്നതിന് സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്ന നടപടികൾ സ്വീകരിക്കാൻ

തയ്യാറാകണം. ഈ സർക്കാർ പാലിന് വില വർദ്ധിപ്പിച്ചതിനുപുറമേ വെള്ളക്കരം, വൈദ്യുതി ചാർജ്, വീട്ടുകരം എന്നിവയും വർദ്ധിപ്പിച്ചു. യു.ഡി.എഫ് സർക്കാരിന്റെ കാലഘട്ടത്തിൽ പെട്രോളിന് വില കൂട്ടിയപ്പോൾ സംസ്ഥാന സർക്കാരിന് കിട്ടുമായിരുന്ന അധിക വരുമാനം വേണ്ടെന്നുവ ച്ചുകൊണ്ട് ജനങ്ങൾക്ക് ആശ്വാസം നൽകിയ മാതൃക പിന്തുടരാൻ ഈ സർക്കാർ തയ്യാറാകണം. ഇത്തരം സമരങ്ങൾ രാജ്യത്തെ അപകടത്തിലേയ്ക്ക് കൊണ്ടുപോകുമെന്നത് ഒരു വസ്തുതയാണ്. ബി.ജെ.പി.യുമായി ചേർന്നു കൊണ്ടുള്ള സർക്കാർ സ്പോൺസേർഡ് ബന്ദാണ് ഇന്ന് സംസ്ഥാനത്ത് നട ക്കുന്നത്. നീതിപീഠങ്ങൾക്കെതിരെ നേതാക്കൻമാർ നടത്തുന്ന പരാമർശങ്ങളും ഉന്നത പോലീസുദ്യോഗസ്ഥരുമായി ബന്ധപ്പെട്ട വിഷയങ്ങ ളുമെല്ലാം ശ്രദ്ധയിൽനിന്നും മാറ്റുന്നതിനുവേണ്ടിയുള്ളതാണ് ഇന്നത്തെ ബന്ദ്. രാഷ്ടീയ സമരങ്ങൾ നടത്തുന്നത് ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കു ന്നതിനുവേണ്ടിയായിരിക്കണം. രോഗികൾക്കും ഡോക്ടർമാർക്കും മറ്റു ജീവനക്കാർക്കും ആശുപത്രിയിൽ എത്തിച്ചേരാൻ സാധിക്കാത്ത അവസ്ഥ യാണുള്ളത്. പൊളിറ്റിക്കൽ പവറും മസിൽ പവറും മണി പവറും ഉപയോ ഗിച്ച് നടത്തുന്ന ഈ ബന്ദുമൂലം കേരളത്തിലെ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : കോൺഗ്രസ്സ് പാർട്ടി യുടെ ആഭ്യന്തര പ്രശ്നങ്ങളിൽനിന്നും ജനശ്രദ്ധ തിരിച്ചുവിടുന്നതിനാണ് അടിയന്തിരപ്രമേയം കൊണ്ടുവന്നിട്ടുള്ളത്. കേരളത്തിലെ ജനങ്ങളുടെ ദു:ഖകരമായ സ്ഥിതി മനസ്സിലാക്കി അതിനോടുള്ള ശക്തമായ രോഷം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവന്ന് അവരുടെ നയം തിരുത്തിക്കുന്നതി നുള്ള ശ്രമമാണ് ഉണ്ടാകേണ്ടത്. സംസ്ഥാനത്ത് ഇന്ന് യാതൊരു വിധത്തി

ലുള്ള അനിഷ്ട സംഭവങ്ങളും ഉണ്ടായിട്ടില്ലെന്നു മാത്രമല്ല, ജനങ്ങൾ സമാധാനപരമായി ഹർത്താലിൽ പങ്കെടുത്തുകൊണ്ടിരിക്കുകയുമാണ്. ഈ വിഷയത്തെ സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം മാണി, സി.ടി അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടിയിൽപ്പെട്ട അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പ സമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) <u>വിദ്യാഭ്യാസ വായ്പ</u>

<u>ശ്രീമതി ഇ.എസ്. ബിജിമോൾ</u>: ഉന്നതവിദ്യാഭ്യാസത്തിന് വായ്പ അനുവദിക്കുന്നതിൽ ബാങ്കുകൾ നിഷേധാത്മകമായ നിലപാടാണ് സ്വീകരിക്കുന്നത്. ഒരു രക്ഷകർത്താവിന്റെ ആദ്യത്തെ കുട്ടിക്ക് 4 ലക്ഷം രൂപവരെ വായ്പ അനുവദിക്കുകയും രണ്ടാമത്തേയും മൂന്നാമത്തേയും കുട്ടികൾക്ക് മതിയായ സെക്യൂരിറ്റിയില്ല എന്ന കാരണത്താൽ വായ്പ നിഷേധിക്കുകയും ചെയ്യുന്ന സ്ഥിതിയാണുള്ളത്. കൊമേഴ്സ് ഗ്രൂപ്പ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസലോൺ അനുവദിക്കാതിരിക്കുക, ബി.എസ്സ്.സി. നഴ്സിംഗ് വിദ്യാർത്ഥികൾക്ക് രണ്ടര ലക്ഷം രൂപയിൽ കൂടുതൽ ലോൺ അനുവദിക്കാതിരിക്കുക, കൂടാതെ ലോണിന്റെ ഇന്ററസ്റ്റ് സെമസ്റ്റർ അടിസ്ഥാനത്തിൽ അടയ്ക്കണമെന്നും സെമസ്റ്റർ എക്സാമിനേഷന്റെ റിസൾട്ട് ഹാജരാക്കിയാൽ മാത്രമേ തുടർന്ന് ലോൺ അനുവദിക്കുകയുള്ളൂ എന്നുമുള്ള

നിബന്ധനകൾ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ബുദ്ധിമുട്ട് ഉണ്ടാക്കിയിരിക്കുകയാണ്. ഇടുക്കി ജില്ലയിലെ മൈഗ്രേറ്റഡ് തൊഴിലാളികളുടെ കുട്ടികളെ ഈ ലോണിന്റെ പരിധിയിൽ ഉൾപ്പെടുത്തണം. അർഹരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്ന ബാങ്കുകൾക്കെതിരെ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : ഷെഡ്യൂൾഡ് ബാങ്കുകൾ ഉന്നതവിദ്യാഭ്യാസത്തിനായി വായ്പ നൽകുന്നത് റിസർവ്വ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ക്രോഡീകരിച്ച് തയ്യാറാക്കിയിട്ടുള്ള ഇന്ത്യൻ ബാങ്ക് അസോസിയേഷന്റെ മാതൃകാ വിദ്യാഭ്യാസ വായ്പ പദ്ധതിപ്രകാരമാണ്. ഐ.ബി.എ. പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ അനുസരിച്ച് 4 ലക്ഷം രൂപ വരെയുള്ള വിദ്യാഭ്യാസ വായ്പയ്ക്ക് ഈട് ആവശ്യമില്ല. പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ അംഗീകരിച്ചിട്ടുള്ള ഫീസ് ഘടന പ്രകാരമാണ് വായ്പ അനുവദിക്കുന്നത്. അംഗീകൃത കോഴ്സുകൾക്കുമാത്രമേ വിദ്യാഭ്യാസലോൺ നൽകുന്നുള്ളൂ. വിവിധ കോഴ്സുകൾക്ക് നിശ്ചിത വിദ്യാഭ്യാസ യോഗ്യതയോ യോഗ്യതാപരീക്ഷയിൽ മിനിമം മാർക്കോ ഇല്ലാത്ത അപേക്ഷകർക്ക് ലോൺ അനുവദിക്കുകയില്ല. അപേക്ഷകരുടെ തിരിച്ചടവ് ശേഷി കണക്കിലെടുക്കാതെ പരിധിവിട്ട് ലോൺ അനുവദിച്ചാൽ അവർക്ക് തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകും. കേന്ദ്രസർക്കാരിന്റെ പുതിയ മാർഗ്ഗനിർദ്ദേശമനുസരിച്ച് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾ എടുത്ത വായ്പയ്ക്ക് മൊറട്ടോറിയം കാലഘട്ടത്തിലേക്കുള്ള പലിശ കേന്ദ്രസർക്കാർ വഹിക്കുന്നതാണ്. തുടർ വായ്പയ്ക്ക് സെക്യൂരിറ്റി വേണ

മെന്ന നിബന്ധന ഒഴിവാക്കണമെന്ന ആവശ്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(2) <u>കനാൽ പുറമ്പോക്കിലും ദേവസ്വം ഭൂമിയിലും താമസിക്കുന്നവർക്ക് പട്ടയം</u>

<u>ശ്രീ. കെ.ബി. ഗണേഷ് കുമാർ</u>: വർഷങ്ങളായി പട്ടയത്തിന് അപേക്ഷ നൽകിയ കനാൽ പുറമ്പോക്കിലും ദേവസ്വം ഭൂമിയിലും താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. 1975-ന് മുമ്പ് വരെയുള്ള അപേക്ഷകൾ തീർപ്പാകാതെ കെട്ടിക്കിടക്കുകയാണ്. ഇതിൽ ദേവസ്വത്തിന്റെ ഭൂമിയിൽ താമസിക്കുന്നവരിൽ പട്ടയം ലഭിച്ചവരും ലഭിക്കാത്തവരുമുണ്ട്. ജലസേചന പദ്ധതികൾക്കുവേണ്ടി അക്വയർ ചെയ്തതും ഉപയോഗിക്കാത്ത തുമായ ഭൂമിയിൽ താമസിക്കുന്നവർക്കും മറ്റ് വികസനമൊന്നും വരാനിടയി ല്ലാത്ത കനാലുകളുടെ ഇരുകരകളിലും താമസിക്കുന്നവർക്കും പട്ടയം ലഭിച്ചി ട്ടില്ല. പട്ടയം കിട്ടാത്തതുകൊണ്ട് വൈദ്യുതി കണക്ഷനോ മക്കളുടെ വിദ്യാ ഭ്യാസാവശ്യത്തിന് ബാങ്കുകളിൽ നിന്ന് ലോണോ ലഭിക്കാത്ത സാഹചര്യ മാണ് നിലനിൽക്കുന്നത്. മാത്രവുമല്ല, താമസിക്കുന്ന സ്ഥലത്ത് നിന്ന് ഇറക്കിവിടൽ ഭീഷണിയും നേരിടുന്നു. വനനിയമങ്ങളിൽ ഉൾപ്പെടാത്ത വനത്തിൽ നിന്നകലെ വർഷങ്ങളായി താമസിച്ചുവരുന്നവർക്ക് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും റവന്യൂ ഡിപ്പാർട്ടുമെന്റും ജോയിന്റ് വെരിഫിക്കേഷൻ നടത്തി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കഴിഞ്ഞ സർക്കാർ ഇത്തരത്തിൽ അർഹതപ്പെട്ടവരിൽ നിന്ന് അപേക്ഷകൾ സ്വീകരിച്ച് അതിന്മേൽ ഇറിഗേഷൻ വകുപ്പിൽ നിന്ന് കൺസന്റ് വാങ്ങി റവന്യൂ വകുപ്പിന് ലഭ്യമാക്കിയിരുന്നു. ജോയിന്റ് വെരിഫിക്കേഷൻ നടത്തി കനാൽ പുറമ്പോ

ക്കുകളിൽ താമസിക്കുന്ന കൈവശരേഖ മാത്രം ലഭിച്ചവർക്ക് ഭൂമിയുടെ പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ദേവസ്വം പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം കൊടുക്കുന്നതു സംബന്ധിച്ച നടപടികൾ ലാന്റ് ട്രിബ്യൂണൽ വഴി നടന്നുകൊണ്ടിരിക്കുകയാണ്. ലാന്റ് ട്രിബ്യൂണലുകളിൽ അപേക്ഷ നൽകുന്നവർക്ക് റവന്യൂ ഇൻസ്പെക്ടറുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതാണ്. കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ ഇത്തരത്തിൽ ധാരാളം പട്ടയങ്ങൾ നൽകിയിട്ടുണ്ട്. ജലസേചന പദ്ധതികളുടെ കനാൽ പുറമ്പോക്കുകളിൽ താമസിക്കുന്നവരുടെ കാര്യത്തിൽ പ്രസ്തുത സ്ഥലം ജലസേചന വകുപ്പിൽ നിന്ന് റവന്യൂവകുപ്പിൽ നിക്ഷിപ്തമാക്കേണ്ടതുണ്ട്. പട്ടയം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ വൈദ്യുതി കണക്ഷൻ, വാട്ടർ കണക്ഷൻ, റേഷൻ കാർഡ് എന്നിവ ലഭിക്കുന്നതിലുള്ള തടസ്സം ഒഴിവാക്കാൻ 1997, 1998 വർഷങ്ങളിലെ സർക്കാർ ഉത്തരവ് പ്രകാരം കൈവശരേഖ നൽകിവരികയാണ്. ലാന്റ് ട്രിബ്യൂണലിന്റെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിനും സംസ്ഥാന തലത്തിലും ജില്ലാതലത്തിലും യോഗങ്ങൾ ചേരാറുണ്ട്. കഴിഞ്ഞ നാല് വർഷങ്ങളിൽ നടത്തിയ 58 പട്ടയ മേളകളിലൂടെ നാൽപതിനായിരത്തിലധികം പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. കല്ലട ഇറിഗേഷൻ കനാൽ പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പത്തനംതിട്ട, കൊല്ലം ജില്ലകളിലെ പ്രശ്നങ്ങളിലും എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥ തലത്തിൽ ചർച്ചകൾ നടത്തുന്നുണ്ട്. വർഷങ്ങളായി ഈ പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ അർഹത മനസ്സിലാ

ക്കി ഒന്ന് മുതൽ നാല് സെന്റ് വരെ ഭൂമിക്ക് പട്ടയം നൽകാനാണ് ഉദ്ദേശിക്കു ന്നത്. പട്ടയ വിതരണത്തെ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കാൻ ബന്ധ പ്പെട്ട എം.എൽ.എ.മാരെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ജില്ല തിരിച്ചുള്ള യോഗങ്ങൾ സംഘടിപ്പിക്കുന്നതാണ്.

**സബ്മിഷൻ**

(1) രാജീവ്ഗാന്ധിക്കെതിരെയുള്ള പരാമർശം

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ലോകം മുഴുവനും ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന രാജീവ് ഗാന്ധിയെക്കു റിച്ച് മുഖ്യമന്ത്രി സഭയിലും സഭയ്ക്ക് പുറത്തും നടത്തിയ പരാമർശം പിൻവ ലിക്കുകയും ഖേദപ്രകടനം നടത്തുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സഭയിൽ സഞ്ജയ് ഗാന്ധി എന്നതിനു പകരം രാജീവ് ഗാന്ധി എന്ന് തെറ്റായി പറയുകയും ഉടൻതന്നെ തിരുത്തുകയും ചെയ്തിരുന്നു. ഒരു പത്രസമ്മേളനം നടത്തി ഇക്കാര്യങ്ങൾ വിശദീകരിച്ചെങ്കിലും പ്രശ്നം അവസാനിപ്പിക്കാത്തതിനെത്തുടർന്നാണ് സിക്ക് കൂട്ടക്കൊലയ്ക്ക് പ്രധാന മന്ത്രി എന്ന നിലയിൽ കാണിക്കേണ്ട സംയമനവും നീതിബോധവും രാജീവ് ഗാന്ധി കാണിച്ചില്ല എന്ന് പറഞ്ഞത്.

(2) അദ്ധ്യാപകൻ ആക്രമിക്കപ്പെട്ട സംഭവം

ശ്രീ. ബാബു പോൾ: മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ 04-07-2010-ന് രാവിലെ 8.00 മണിയോടുകൂടി പള്ളിയിലെ കുർബാന കഴിഞ്ഞ് വീട്ടിലേയ്ക്ക് വൃദ്ധയായ മാതാവിനോടും സഹോദരിക്കുമൊപ്പം കാറിൽ മടങ്ങുകയായിരുന്ന തൊടുപുഴ ന്യൂമാൻസ് കോളേജ് അദ്ധ്യാപക

നായ പ്രൊഫ. ടി. ജെ. ജോസഫിനെ ഓമ്നി വാനിൽ വന്ന ഒരു സംഘം അക്രമികൾ കാറിൽ നിന്ന് വലിച്ചിറക്കി വലതുകൈപ്പത്തി മഴുകൊണ്ട് വെട്ടിമാറ്റി സമീപത്തെ പറമ്പിലേയ്ക്ക് വലിച്ചെറിയുകയും കാലിനും ഇടത്തെ കൈയ്ക്കും പരിക്കേൽപ്പിക്കുകയും നാടൻ ബോംബെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്ത സംഭവത്തിൽ ഉത്തരവാദികളായ വരെ കസ്റ്റഡിയിലെടുത്ത് മാതൃകാപരമായി ശിക്ഷിക്കുന്നതിന് നടപടി സ്വീക രിക്കണം.

ശ്രീ. പി.ജെ. ജോസഫ് : അദ്ധ്യാപകന്റെ കൈ വെട്ടിമാറ്റിയസംഭവത്തി നുപിന്നിൽ തീവ്രവാദി ബന്ധമുണ്ടോയെന്ന് അടിയന്തിരമായി അന്വേഷി ക്കണം. കേരളത്തിൽ ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കർക്കശ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 04.07.2010-ന് മാതാവ് ഏലിക്കുട്ടി, സഹോദരി സിസ്റ്റർ സ്റ്റെല്ല എന്നിവരുമായി മുവാറ്റുപുഴ നിർമ്മലമാതാ പള്ളിയിൽപ്പോയി തിരിച്ചുവരവെ വീടിനുസമീപംവച്ച് രാവിലെ 8.00 മണിയോടെ വെള്ള മാരുതി ഓമ്നി വാനിൽ വന്ന ഏഴോളംപേർ ചേർന്ന് കാർ തടഞ്ഞുനിർത്തി തൊടുപുഴ ന്യൂമാൻസ് കോളേജ് അദ്ധ്യാപകനായ പ്രൊഫ. ടി.ജെ. ജോസഫിന്റെ കയ്യിലും മറ്റ് ശരീരഭാഗങ്ങളിലും വെട്ടിപരിക്കേൽപ്പിക്കുകയും സ്ഫോടക വസ്തുവെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു. വലതുകൈപ്പത്തി ഛേദിക്കപ്പെട്ട അദ്ധ്യാപകൻ എറണാകുളം സ്പെഷ്യലിസ്റ്റ് ആശുപത്രിയിൽ ചികിത്സയിലാണ്. അക്രമത്തിൽ അദ്ധ്യാപകന്റെ മകനും സഹോദരിക്കും പരിക്ക് പറ്റിയിട്ടുണ്ട്. അദ്ധ്യാപകന്റെ ഭാര്യയുടെ

മൊഴിയുടെ അടിസ്ഥാനത്തിൽ കണ്ടാലറിയാവുന്ന ഏഴോളംപേരെ പ്രതിയാക്കി രജിസ്റ്റർ ചെയ്തിരിക്കുന്ന കേസ് മൂവാറ്റുപുഴ ഡിവൈ.എസ്.പി-യുടെ നേതൃത്വത്തിലുള്ള പ്രത്യേക ടീം അന്വേഷിച്ചു വരികയാണ്. പ്രതികൾ സഞ്ചരിക്കാൻ ഉപയോഗിച്ചുവെന്ന് സംശയിക്കുന്ന രണ്ട് വാഹനങ്ങൾ പോലീസ് ഇന്നലെത്തന്നെ കണ്ടെടുത്തിട്ടുണ്ട്. സംഭവത്തിൽ ബന്ധമുണ്ടെന്ന് സംശയിക്കുന്ന രണ്ട് പേരെ ചോദ്യം ചെയ്തുവരികയാണ്. അക്രമികളെ കണ്ടെത്തുന്നതിനുള്ള തീവ്രശ്രമങ്ങൾ നടത്തിവരുന്നു. എറണാകുളം റേഞ്ച് ഐ.ജി. ഈ കേസ്സിന്റെ മേൽനോട്ടം വഹിക്കണമെന്ന് സർക്കാർ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ചവർക്ക് അർഹമായ ശിക്ഷ ലഭിക്കുന്നതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. പോലീസിന്റെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന് പ്രത്യേകം പരിശോധിക്കുന്നതാണ്.

ശ്രീ. കെ.എം. മാണി : അക്രമത്തിനിരയായ അദ്ധ്യാപകനെക്കുറിച്ച് ഇന്നലെ കോഴിക്കോട് വച്ച് വിദ്യാഭ്യാസവകുപ്പുമന്ത്രി നടത്തിയ പ്രസ്താവന പിൻവലിക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : രാഷ്ട്രീയത്തിനതീതമായി എല്ലാവരും യോജിച്ച് നേരിടേണ്ടതും ഏറ്റവും കാടത്തം നിറഞ്ഞതും ക്രൂരവുമായ അക്രമത്തിനെതിരെ കർശന നടപടികൾ സ്വീകരിക്കണം. സമുദായ സൗഹാർദ്ദം തകർക്കുന്നതിനു പിന്നിലുള്ള ബോധപൂർവ്വമായ ഗൂഢാലോചന പുറത്തുകൊണ്ടുവരുന്നതിന് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് പൂർണ്ണ പിന്തുണയുണ്ടാകും.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി.) : തൊടുപുഴ ന്യൂമാൻസ് കോളേജിലെ പരീക്ഷയ്ക്ക് അദ്ധ്യാപകൻ

തയ്യാറാക്കിയ ചോദ്യവും അതിനെ തുടർന്നുണ്ടായ പ്രശ്നങ്ങളും സഭ നടന്നുകൊണ്ടിരിക്കുന്ന സമയത്താണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടത്. എല്ലാ കക്ഷിനേതാക്കൻമാരുടേയും യോജിച്ച തീരുമാനപ്രകാരം പ്രസ്തുത വിഷയം വളരെ ഗൗരവമായി എടുത്ത് അദ്ദേഹത്തിന്റെ പേരിൽ നടപടിയെടുക്കണമെന്ന് എം.ജി. യൂണിവേഴ്സിറ്റിയോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തെ സസ്പെന്റ് ചെയ്തത്. ദുർവ്യാഖ്യാനം ചെയ്യപ്പെടാവുന്ന വിധത്തിലുള്ള ചോദ്യം തയ്യാറാക്കിയതിന്റെ പേരിൽ ആഭ്യന്തര വകുപ്പ് അദ്ദേഹത്തിനെതിരെ ക്രിമിനൽ കേസ് എടുത്തിട്ടുമുണ്ട്. പ്രസ്തുത വിഷയം വളരെ പക്വതയോടുകൂടിയാണ് ഗവൺമെന്റ് കൈകാര്യം ചെയ്തിരിക്കുന്നത്. കഴിഞ്ഞ ദിവസം കോഴിക്കോട് വച്ച് വൈക്കം മുഹമ്മദ് ബഷീറിന്റെ ജന്മശതാബ്ദിയുടെ സമാപന ചടങ്ങിൽ സംസാരിക്കവേ പരീക്ഷയ്ക്ക് തയ്യാറാക്കിയത് ഒരു മഠയ ചോദ്യമാണെന്ന് പരാമർശിച്ചിരുന്നു. ഗവൺമെന്റും സർവ്വകലാശാലയും കോളേജ് മാനേജ്മെന്റും ആവശ്യമായ നടപടിയെടുത്തതിനുശേഷവും സംഭവത്തെ വർഗീയവൽക്കരിക്കാൻ ശ്രമിക്കുന്നത് അപലപനീയമാണ്.

(3) <u>ആറളം ഫാമിലെ തൊഴിലാളികളുടെ വേതന വർദ്ധനവ്</u>

<u>ശ്രീ. പി. ജയരാജൻ</u> : ഗവൺമെന്റ് ഫാമുകളിലെ തൊഴിലാളികൾക്ക് തുല്യമായ ശമ്പളം ആറളം ഫാമിലെ തൊളിലാളികൾക്കും നൽകാൻ നടപടി സ്വീകരിക്കണം. ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് തൊഴിലാളി സംഘടനകൾ പ്രക്ഷോഭം നടത്തുകയും മന്ത്രിക്ക് നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ പ്രിൻസിപ്പൽ വകുപ്പുസെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടപ്പിലാക്കാൻ

തീരുമാനിച്ച സേവന വേതന വ്യവസ്ഥ 01-01-2010 മുതൽ പ്രാബല്യത്തിൽ വരുത്തണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : ആറളം ഫാമിൽ നിലവിലുള്ള ജീവനക്കാർ കേന്ദ്ര സർക്കാരിന്റെ ആറാം ശമ്പള കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള വേതന പരിഷ്ക്കരണം ആവശ്യപ്പെടുകയുണ്ടായെങ്കിലും ഫാമിലെ തൊഴിലാളികൾ കേരള സംസ്ഥാന ഗവൺമെന്റ് ഫാമുകളിലെ ശമ്പളമാണ് ആവശ്യപ്പെട്ടത്. ഒരു പൊതുമേഖലാ സ്ഥാപനമായ ആറളം ഫാമിലും കാർഷിക രംഗത്ത് പ്രവർത്തിച്ചുവരുന്ന ഇതര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ സേവനവേതന വ്യവസ്ഥകൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഫാമിലെ മുഴുവൻ ജീവനക്കാരേയും സമാനമായ ഫാമുകളിലോ ഇതര സർക്കാർ വകുപ്പുകളിലോ അബ്സോർബ് ചെയ്യാവുന്നതാണെന്നും കരാർ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സ്ഥിതിക്ക് ജീവനക്കാരെ പുതിയതായി രൂപീകരിച്ച സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ ആറളം കമ്പനിയിൽ അബ്സോർബ് ചെയ്യുന്നതാണ്. 05-03-2010-ൽ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഫാമിലെ വിവിധ തൊഴിലാളി സംഘടനകളുമായി നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ നടപ്പിലാക്കാൻ സർക്കാർ നടപടിയെടുത്തിട്ടുണ്ട്. വേതന വർദ്ധനവുമൂലമുണ്ടാകുന്ന 1 കോടി രൂപയുടെ അധിക ബാധ്യത ടി.എസ്.പി. ഫണ്ടിൽനിന്ന് ചെലവഴിക്കുന്നതിനുള്ള നിയമതടസ്സം പരിഗണിച്ച് കരാറുപണിക്ക് ചെലവാകുന്ന തുകയുടെ 50 ശതമാനം തുകയെങ്കിലും തൊഴിലാളികൾ അധികജോലി ചെയ്ത് കണ്ടെത്തണമെന്ന നിബന്ധനയാണ് ചർച്ചയിൽക്കൂടി രൂപപ്പെട്ടിട്ടുള്ളത്. ഇതിന്റെ ഭാഗ

മായി കേരള ഗവൺമെന്റ് ഇതര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൊടുക്കുന്ന സേവനവേതന വ്യവസ്ഥകൾ പരിപൂർണ്ണമായി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(4) <u>മുറിഞ്ഞകൽ - അതിരുങ്കൽ റോഡ്</u>

<u>ശ്രീ. അടൂർ പ്രകാശ്</u> : കോന്നി നിയോജക മണ്ഡലത്തിലെ മുറിഞ്ഞകൽ-അതിരുങ്കൽ റോഡ് പി.ഡബ്ള്യു-ഡി-യിൽ നിലനിർത്തി സഞ്ചാരയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം

ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്)</u> : മുറിഞ്ഞകൽ അതിരുങ്കൽ റോഡ് ഒ.ഡി.ആർ കാറ്റഗറിയിൽ ഉൾപ്പെടുന്നതാണ്. ജില്ലാ പഞ്ചായത്തുകൾക്ക് അഡീഷണലായിട്ട് 120 കോടി രൂപ ഒ.ഡി.ആർ റോഡുകളുടെ മെയിന്റനൻസിനുവേണ്ടി കൊടുത്തിട്ടുണ്ട്. അവർ എടുക്കുന്ന റോഡുകൾ ഒഴിച്ചുള്ള മുഴുവൻ റോഡുകളും സംസ്ഥാന സർക്കാർ മെയിന്റനൻസ് നടത്താൻ തീരുമാനിച്ചിരിക്കുകയാണ്.

(5) <u>ഇ.എം.എസ് ഭവന പദ്ധതി</u>

<u>ശ്രീമതി ജെ. അരുന്ധതി</u> : വാമനപുരം മണ്ഡലത്തിലെ കല്ലറ പഞ്ചായത്തിൽ ഇ.എം.എസ് ഭവന പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി <u>(ശ്രീ. പാലോളി മുഹമ്മദ് കുട്ടി)</u> : തിരുവനന്തപുരം ജില്ലയിൽ വാമനപുരം ബ്ളോക്ക് പഞ്ചായത്തിലുൾപ്പെടുന്ന കല്ലറ ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതിയുടെ നിർവ്വഹണം മന്ദീഭവിച്ച നിലയിലാണ് നടന്നുകൊണ്ടിരിക്കുന്നത്. ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുത്ത 296 ഗുണഭോക്താക്കളുടെ പട്ടിക 2010

ജനുവരി 8-ന് തന്നെ ഡി.പി.സി അംഗീകരിക്കുകയും. 11-3-2010-ന് ഒരു കോടി നാൽപ്പത് ലക്ഷത്തി തൊണ്ണൂറ്റയ്യായിരത്തി അഞ്ഞൂറ് രൂപ വായ്പ എടുക്കുന്നതിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറിമാരുടെ നിരവധി യോഗങ്ങൾ ചേർന്ന് പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിരുന്നുവെങ്കിലും ഗുണഭോക്താക്കളുടെ സംഗമം ഇതുവരെ നടന്നിട്ടില്ല. ഭവനനിർമ്മാണ പദ്ധതികൾക്ക് ഒരു ഗുണഭോക്താവുപോലും എഗ്രിമെന്റ് വയ്ക്കാത്ത ഏക പഞ്ചായത്ത് കല്ലറ ഗ്രാമപഞ്ചായത്താണ്. ഭവനപദ്ധതി നിർവ്വഹണത്തിന് ബോധപൂർവ്വമായിട്ടുള്ള വീഴ്ച വരുത്തുന്നവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(6) പട്ടിത്താനം-മണർകാട് ബൈപാസ് റോഡ്

ശ്രീ. തോമസ് ചാഴികാടൻ : ഏറ്റുമാനൂർ പട്ടിത്താനം-മണർകാട് ബൈപാസ് റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : ഏറ്റുമാനൂർ പട്ടിത്താനം മുതൽ മണർകാട് വരെയുള്ള ബൈപാസ് റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. സ്ഥലമെടുപ്പിനായി 4-6-2009-ൽ 8.75 കോടി രൂപയും 14-7-2009-ൽ 10 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിനാവശ്യമായിട്ടുള്ള 14.62 ഹെക്ടർ സ്ഥലം ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതാണ്.

(7) <u>പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം</u>

<u>ശ്രീ. ബി.ഡി. ദേവസ്സി</u> : ചാലക്കുടി നിയോജകമണ്ഡലത്തിൽ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u>) : ചാലക്കുടി നിയോജക മണ്ഡലത്തിലെ തലക്കുടി മേഖലയിലെ ചില പുറമ്പോക്ക് നിവാസികൾക്ക് പട്ടയം നൽകിയിട്ടുണ്ട്. പഞ്ചായത്തുകൾക്ക് കൈമാറിയ സ്ഥലങ്ങളിന്മേൽ പഞ്ചായത്തുകളുടെ അനുമതി ലഭിക്കുന്ന മുറയ്ക്കുമാത്രമേ പട്ടയം നൽകാൻ സാധിക്കുകയുള്ളൂ. നിരവധി പഞ്ചായത്തുകളിൽ അവിടെനിന്നുള്ള പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി കൈമാറ്റം ചെയ്ത് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടയത്തിനായി അപേക്ഷ നൽകിയിട്ടുള്ള എല്ലാ കേസ്സുകളും 2010 ഡിസംബർ മാസത്തിനുള്ളിൽ പരിഗണിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വേ നടപടികൾ പൂർത്തിയായ കേസ്സുകളിന്മേൽ എത്രയും വേഗത്തിൽ പട്ടയ വിതരണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(8) <u>ധാതുമണൽ ഖനനത്തിന് അനുമതി</u>

<u>ശ്രീ. ബി. ബാബുപ്രസാദ്</u> : ഇൻഡ്യൻ റെയർ എർത്ത് ലിമിറ്റഡിന് ആറാട്ടുപുഴ പഞ്ചായത്തിൽ ധാതുമണൽ ഖനനം നടത്താൻ അനുമതി നൽകുന്നതിൽനിന്നും ഗവൺമെന്റ് പിന്മാറണം.

വ്യവസായ വകുപ്പുമന്ത്രി (<u>ശ്രീ. എളമരം കരീം</u>) : കൊല്ലം, ആലപ്പുഴ ജില്ലകളിൽപ്പെട്ട 715.3 ഹെക്ടർ സ്ഥലത്തുനിന്ന് ധാതുമണൽ ഖനനം ചെയ്യുന്നതിന് ഐ.ആർ.ഇ.എൽ. സമർപ്പിച്ച അപേക്ഷ സർക്കാരിന്റെ പരിഗണനയി

ലാണ്. ധാതുമണൽ ഖനനം നടത്തുന്നതിന് മൈനിംഗ് ആന്റ് മിനറൽ ഡെവല പ്മെന്റ് റെഗുലേഷൻ ആക്ട് അനുസരിച്ച് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരവും ജില്ലാ കളക്ടറുടെ എൻ.ഒ.സി.യും പരിസരവാസികളുടെ സമ്മതപത്രവും ലഭിക്കേണ്ടതുണ്ട്. കൂടാതെ പരിസ്ഥിതി ആഘാത പഠനം നടത്തുകയും പൊതുജനാഭിപ്രായം ആരായുകയും കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിക്കുകയും വേണം. സി.ആർ. ഇസഡ്-ന്റെ അനു മതി ലഭിച്ചതിനുശേഷം മാത്രമേ ഖനന പാട്ട വ്യവസ്ഥകളിൽ ഒപ്പുവയ്ക്കാൻ സാധിക്കുകയുള്ളൂ.

(9) <u>കെ.എസ്.ടി.പി. നവീകരണ പ്രവർത്തനങ്ങൾ</u>

<u>ശ്രീമതി പി. അയിഷ പോറ്റി</u> : കെ.എസ്.ടി.പി.യുടെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമാക്കി എം.സി. റോഡിന്റെ വശങ്ങളിൽ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ പാഴായിക്കിടക്കുന്ന സ്ഥലങ്ങൾ പ്രയോജനപ്പെടുത്തി വഴിയോര വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും പണികൾ നടത്തിയതിൽ ഉണ്ടായിട്ടുള്ള അശാസ്ത്രീയത പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>) : കെ.എസ്.ടി.പി. -യുടെ ഒന്നാംഘട്ട പണികൾ 2010 സെപ്റ്റംബർ മാസത്തിൽ പൂർത്തീകരി ക്കാൻ കഴിയുമെന്നാണ് കരുതുന്നത്. പണികൾ തീരുന്ന മുറയ്ക്ക് പുറമ്പോക്ക് ഭൂമി ഉൾപ്പെടെ ഇരുവശങ്ങളിലുമുള്ള സ്ഥലങ്ങൾ അതിർത്തി കല്ലുകൾ സ്ഥാപിച്ച് സംരക്ഷിക്കുന്നതാണ്. ഈ സ്ഥലങ്ങളിൽ വൃക്ഷ ത്തൈകൾ വച്ചുപിടിപ്പിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സ്ഥല സൗകര്യമനുസരിച്ച് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന കാര്യവും പരിഗണി ക്കുന്നതാണ്.

(10) മാലിന്യ സംസ്ക്കരണ കേന്ദ്രം

ശ്രീ. വി.എൻ. വാസവൻ: കോട്ടയം നഗരസഭയുടെ മാലിന്യ ഡമ്പിംഗ് യാർഡായ വടവാതൂരിൽ മാലിന്യ സംസ്ക്കരണത്തിന് നിലവിൽ യാതൊരു സംവിധാനവും ഇല്ലാത്തതിനാൽ 3 കിലോമീറ്റർ ചുറ്റളവിൽ ദുർഗന്ധം പരക്കുകയും കുടിവെള്ളം മലിനമാവുകയും ജനജീവിതം ദുസ്സഹവുമാവുകയും ചെയ്യുന്ന സാഹചര്യം കണക്കിലെടുത്ത് ഫലപ്രദമായി മാലിന്യ സംസ്ക്കരണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. പി.സി.ബി.യെ ഇക്കാര്യത്തിൽ ഇടപെടുവിക്കാനും പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാനും ഇത് സംബന്ധിച്ച പ്രദേശവാസികളുടെ സമരം അവസാനിപ്പിക്കാനും നടപടിയുണ്ടാവണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): വിജയപുരം പഞ്ചായത്തിലെ വടവാതൂരിൽ പ്രവർത്തിക്കുന്ന കോട്ടയം നഗരസഭയുടെ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ നടത്തിപ്പ് ചുമതല ഏറ്റെടുത്തിട്ടുളള രാംകി കമ്പനിയുമായി കരാർ വയ്ക്കുന്ന ഘട്ടത്തിൽത്തന്നെ ഒട്ടേറെ പിശകുകൾ സംഭവിച്ചിട്ടുണ്ട്. സംസ്ക്കരണ സംവിധാനത്തിന്റെ പ്രവർത്തനം തൃപ്തികരമല്ലാത്തതിനാൽ മാലിന്യം പരന്ന് ദുർഗന്ധം ഉണ്ടാകുന്നതിൽ പ്രതിഷേധിച്ച് പ്രദേശവാസികൾ പ്രക്ഷോഭത്തിലാണ്. ഒരാഴ്ചയിലേറെയായി നഗരത്തിൽ നിന്ന് മാലിന്യം കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥ നിലവിലുണ്ട്. 01-07-2010-ൽ തദ്ദേശഭരണ വകുപ്പുമന്ത്രി പ്ലാന്റ് നടത്തിപ്പുമായി ബന്ധപ്പെട്ടവരെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ കൂടി സാന്നിദ്ധ്യത്തിൽ വിളിച്ചുചേർത്ത് സംസ്ക്കരണ സംവിധാനത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് സമഗ്രമായ ഒരു റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 6-7-2010-ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, കോട്ടയം എം.എൽ.എ., എം.പി എന്നിവരുടെ കൂടി സാന്നിദ്ധ്യത്തിൽ ആക്ഷൻ കൗൺസിൽ ഭാരവാഹികളും നഗരസഭ ചുമതല ക്കാരും ജില്ലാ ഭരണകൂടവും പ്ലാന്റ് നടത്തിപ്പിന് കരാർ ഏറ്റെടുത്തിട്ടുളള കമ്പനി അധികൃതരുമായി പ്രശ്നം ചർച്ച ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(11) എം.എൽ.എ., എം.പി. ഫണ്ട് ഉപയോഗിച്ചുളള നിർമ്മാണപ്രവൃത്തികൾ

ശ്രീ. എം.എ. വാഹീദ്: എം.എൽ.എ., എം.പി.ഫണ്ട് ഉപയോഗിച്ചുളള സിവിൽ വർക്കുകളും മറ്റ് നിർമ്മാണപ്രവൃത്തികളും സ്ഥിരം എൻജിനീയ റിംഗ് സംവിധാനം ഏർപ്പെടുത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്ന തിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): തദ്ദേശഭരണ വകുപ്പിൽ 1-1-2008-മുതൽ പ്രത്യേക എഞ്ചിനീയറിംഗ് വിംഗ് രൂപീകരിച്ചിട്ടുണ്ട്. ബ്ലോക്കുകളിൽ നിലവിലുണ്ടായിരുന്ന എ.ഇ. തസ്തികയെ എ.ഇ.ഇ. ആയി ഉയർത്തിയിട്ടുണ്ട്. ഒമ്പതിൽക്കൂടുതൽ പഞ്ചായത്തുകളുണ്ടാ യിരുന്ന 23 ബ്ലോക്കുകളിൽ ഒന്നുവീതവും അവശേഷിക്കുന്ന 2 ബ്ലോക്കു കൾക്ക് ഒന്നുവീതവും എ.ഇ.ഇ.തസ്തിക നിലവിലുണ്ട്. എല്ലാ ബ്ലോക്കുക ളിലും ഫസ്റ്റ്&സെക്കന്റ് ഗ്രേഡ് ഓവർസിയർ തസ്തികയും അനുവദിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്തിലെ ജനകീയാസൂത്രണ പദ്ധതികൾ എം.എൽ.എ./എം.പി. എന്നിവരുടെ പ്രാദേശിക വികസന പദ്ധതികൾ, വെളളപ്പൊക്ക/വരൾച്ചാ ദുരി താശ്വാസ പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ നിർവ്വഹിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ അതിന്റെ ചുമതല എ.ഇ.-യ്ക്ക് ആയിരിക്കും.

(12) ഭൂമിയുടെ ന്യായവില

ശ്രീ. രാജാജി മാത്യു തോമസ്: പീച്ചി, പാണഞ്ചേരി മലയോര പ്രദേശങ്ങളിൽ താമസിക്കുന്ന എണ്ണൂറിലധികം കർഷകരുടെ ഭൂമിക്ക് ന്യായവില നിശ്ചയിച്ചതിലുണ്ടായ ഗുരുതരമായ വീഴ്ചമൂലം പ്രസ്തുത ഭൂമിയിന്മേൽ വായ്പ ലഭ്യമാക്കാനോ ഭൂമി കൈമാറ്റം ചെയ്യാനോ സാധിക്കാത്ത പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഭൂമിയുടെ ന്യായവില നിശ്ചയിച്ചത് സംബന്ധിച്ച് പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും തഹസീൽദാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂമിക്ക് ന്യായവില നിശ്ചയിച്ചതിലുണ്ടായ പ്രശ്നങ്ങൾ രജിസ്ട്രേഷൻ, ടാക്സസ്, റവന്യൂ വകുപ്പുകൾ സംയുക്തമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതാണ്.

**ധനകാര്യം**

2010-2011 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ V - കാർഷികാദായ നികുതിയും വിൽപന നികുതിയും (84,24,12,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XV - പൊതുമരാമത്ത് (2196,62,95,000 രൂപ)

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VI - ഭൂനികുതി (163,74,30,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XI - ജില്ലാഭരണവും പലവകയും
(186,15,77,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXVI - പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വ
ത്തിന് (138,54,66,000)

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥന യേയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയേയും .ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയേയും ജില്ലാ ഭരണവും പലവകയും എന്ന XI -ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

സർവ്വശ്രീ ബി ബാബു പ്രസാദ്, എ.എ. ഷുക്കൂർ, ജോസഫ് എം. പുതുശ്ശേരി, അബ്ദുറഹിമാൻ രണ്ടത്താണി, എം. ഉമ്മർ, കെ. മുഹമ്മദുണ്ണി ഹാജി, വി.കെ. ഇബ്രാഹിം കുഞ്ഞ്, റോഷി അഗസ്റ്റിൻ, കെ. ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു, പി.സി. വിഷ്ണുനാഥ്, കെ. സി. ജോസഫ്, കെ. ബാബു, വി.ഡി. സതീശൻ, എം.എ. വാഹീദ്, കെ. ശിവദാസൻ നായർ, എൻ. ശക്തൻ, ഡൊമിനിക് പ്രസന്റേഷൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അടൂർ പ്രകാശ്, വർക്കല കഹാർ, കെ. പി. മോഹനൻ, സി. ടി. അഹമ്മദ് അലി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അഴിമതി ആരോപിച്ച് കെ.എസ്.ടി.പി. കരാറിൽ നിന്ന് പതിബെൽ കമ്പനിയെ

ഒഴിവാക്കി റീടെണ്ടറിംഗ് പ്രക്രിയ ആവർത്തിക്കുകയാണ് അധികാരത്തിൽ വന്നയുടൻ ഈ സർക്കാർ ചെയ്തത്. തിരുവനന്തപുരം നഗര വികസന പദ്ധതിക്ക് ആവശ്യമായ 47 ഏക്കർ ഭൂമി പൂർണ്ണമായും ഏറ്റെടുത്തു കൊടുക്കാൻ സർക്കാരിന് ഇതുവരെ സാധിച്ചിട്ടില്ല എന്നുള്ളത് ഖേദകരമാണ്. മേൽപ്പാലത്തിന്റെ പണിക്ക് മാത്രമായി ആർബിട്രേഷൻ അവാർഡ് പ്രകാരം നഷ്ടപരിഹാരം കൊടുക്കേണ്ടി വന്നത് ഈ സർക്കാരിന്റെ കെടുകാര്യസ്ഥത മൂലമാണ്. സർക്കാർ 5,000 കോടി രൂപയുടെ മാന്ദ്യ വിരുദ്ധ പാക്കേജ് പ്രഖ്യാപിക്കുകയും 3,000 കോടി രൂപയ്ക്ക് അനുമതി നൽകുകയും ചെയ്തെങ്കിലും 1410 കോടി രൂപയുടെ പ്രവൃത്തിക്ക് മാത്രമാണ് ടി. എസ്. നൽകിയിട്ടുള്ളത്. ഈ പണികളൊക്കെ പൂർത്തീകരിച്ച് ബിൽ ക്ളെയിം ചെയ്യുന്നത് അടുത്ത സർക്കാരിന്റെ കാലത്തായിരിക്കും എന്നുള്ളത് ഈ സർക്കാരിന്റെ അതിബുദ്ധിയുടെ തെളിവാണ്. പി. ഡബ്ളിയു. ഡി.-യിൽ 21,421 കി. മീ. ദൈർഘ്യമുള്ള റോഡുകളുടെ പ്രതിവർഷ മെയിന്റനൻസിന് വേണ്ടിവരുന്ന തുക 1250 കോടി രൂപയാണെന്നിരിക്കേ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് 240 കോടി രൂപ മാത്രമാണ്. സീസൺ ആരംഭിക്കുന്നതിന് മുമ്പ് തീരേണ്ട ശബരിമലയുടേയും അനുബന്ധ റോഡുകളുടേയും പണികൾക്ക് ആവശ്യമായ 50 കോടി രൂപയ്ക്ക് പകരം സർക്കാർ ഈ വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത് 5 കോടി 15 ലക്ഷം രൂപ മാത്രമാണ്. കെ. എസ്. ടി. പി.യുടെ ആദ്യഘട്ട പണികൾ തീർന്നെങ്കിൽ മാത്രമേ രണ്ടാം ഘട്ടത്തിനുള്ള പണികൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകുകയുള്ളൂ. നാലാഞ്ചിറ മുതൽ കേശവദാസപുരം വരെയുള്ള എം. സി.

റോഡിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സർക്കാർ മുൻകൈയെടുക്കണം. പത്തനംതിട്ട ജില്ലയിലെ ഒ.ഡി.ആർ./എം.ഡി.ആർ. റോഡുകളുടെ കേടുപാടുകൾ തീർക്കുന്നതിന് പഞ്ചായത്തിന് ഫണ്ട് അനുവദിച്ച് നടപടിക്രമം പൂർത്തിയാക്കാൻ സർക്കാർ അടിയന്തിര ശ്രദ്ധ പതിപ്പിക്കണം. പത്തനംതിട്ട ജില്ലയിലെ എം. എൽ. എ. വർക്കുകൾ കഴിഞ്ഞ നാല് വർഷമായി വളരെ സുഗമമായിട്ടാണ് നടന്നിരുന്നതെങ്കിൽ ഇപ്പോൾ അത് വൈകുന്നതിന്റെ കാരണം പ്രത്യേകം പരിശോധിക്കണം. ദുരിതാശ്വാസ ധനസഹായം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം. അഴിമതിയും കൈക്കൂലിയും അവസാനിപ്പിക്കണം. വില്ലേജ്/താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ നാല് വർഷത്തെ ദിശാബോധത്തോടുകൂടിയുള്ള പ്രവർത്തന ഫലമായി സംസ്ഥാനം വികസന മുന്നേറ്റം കൈവരിച്ചിരിക്കുകയാണ്. ലോകരാജ്യങ്ങളിൽ സാമ്പത്തികമാന്ദ്യം ഉണ്ടായപ്പോൾ സർക്കാരിന്റെ ബദൽ വികസന നയംമൂലം സാമ്പത്തിക ഭദ്രത കൈവരിക്കാൻ കേരളത്തിനു കഴിഞ്ഞു. റവന്യൂ വകുപ്പിന്റെ ചിട്ടയോടുകൂടിയ പ്രവർത്തന ഫലമായി പട്ടയവിതരണം ത്വരിതപ്പെടുത്താൻ കഴിഞ്ഞു. ഭക്ഷണത്തിന്റെ ചെലവിനേക്കാൾ കൂടുതൽ തുക തീവ്രവാദ പ്രവർത്തനങ്ങളെ നേരിടുന്നതിനായി ലോകം ചെലവഴിക്കുന്നതിനാൽ ദാരിദ്ര്യവും പട്ടിണിയും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഈ ദിശയിലേയ്ക്ക് ഇന്ത്യയും നടന്നടുക്കുന്നതിന്റെ ഫലമായി ഇന്ത്യൻ സമ്പദ് വ്യവസ്ഥ തകർന്നുകൊണ്ടിരിക്കുകയാണ്. ലോകത്ത് മാനവീയത തകരുകയും സ്വതന്ത്ര കമ്പോളം വളരുകയും ചെയ്യുന്നു. വീടും വിദ്യാഭ്യാസവും ഭക്ഷണവും ഇല്ലാത്ത ആദിവാസി

കളെ ഭീകരരും തീവ്രവാദികളും മനുഷ്യത്വമില്ലാത്തവരുമായി ചിത്രീകരിക്കുന്ന സ്ഥിതിയാണുള്ളത്. രാജ്യത്തിന്റെ ക്ഷേമരാഷ്ട്ര സങ്കൽപ്പത്തിന്റെ നെടുംതൂണുകൾ ഓരോന്നായി തകർന്നുകൊണ്ടിരിക്കുന്നതിലൂടെ ഫ്രീ മാർക്കറ്റ് എന്ന മുതലാളിത്ത വ്യവസ്ഥിതി പുനർജനിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാർ എല്ലാ മേഖലകളിൽനിന്നും പിൻവലിയുന്നതുകൊണ്ടാണ് ഈ പ്രശ്നമുണ്ടാകുന്നത്. ഔഷധ വില നിയന്ത്രണം കമ്പോളത്തിന് വിട്ടുകൊടുത്തപ്പോൾ 500 ശതമാനം വരെ വില വർദ്ധനവുണ്ടായി. സർക്കാർ നേരിട്ട് നടത്തിയിരുന്ന പൊതുസംഭരണം, പൊതുവിതരണം എന്നിവയിൽനിന്നെല്ലാം പിൻവലിഞ്ഞ് അവധി വ്യാപാരവും കുത്തക സംഭരണവും കൊണ്ടുവന്നതിന്റെ തിക്ത ഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. പെട്രോളിന്റെയും ഡീസലിന്റെയും വില കൂടാതിരിക്കാൻ നിലനിന്നിരുന്ന ഓയിൽ പൂൾ അക്കൗണ്ട് എടുത്തുകളഞ്ഞതിനാൽ ഇനി കമ്പോളമാണ് പെട്രോളിന്റെയും ഡീസലിന്റെയും വില നിശ്ചയിക്കുന്നത്. ആണവ കരാറിനെത്തുടർന്ന് അമേരിക്കൻ ആണവ നിർവ്യാപന ആശയത്തിലേയ്ക്ക് ഇന്ത്യ നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇറാൻ-പാക്കിസ്ഥാൻ-ഇന്ത്യ പ്രകൃതി വാതക പൈപ്പ് ലൈൻ നിലവിൽ വന്നിരുന്നുവെങ്കിൽ വാതകത്തിന് വില കുറയുമായിരുന്നു. വളം, വൈദ്യുതി, പെട്രോൾ, ഡീസൽ, ഭക്ഷ്യവസ്തുക്കൾ എന്നിവയ്ക്ക് നൽകിയിരുന്ന സബ്സിഡികൾ ഘട്ടംഘട്ടമായി കേന്ദ്രഗവണ്മെന്റ് നിർത്തലാക്കി. ജനവിരുദ്ധ നയങ്ങളാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ട്രഷറി പൂട്ടേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. മൂലധന നിക്ഷേപം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. വികസന ക്ഷേമപ്രവർത്തനങ്ങൾ ശരിയായ രീതിയിൽ മുന്നോട്ടുപോകുന്നു. എല്ലാവർക്കും വീട്, വെള്ളം, വെളിച്ചം, എല്ലാ പഞ്ചായത്തിലും മാവേലി സ്റ്റോർ തുടങ്ങി നിരവധി വികസന പ്രവർത്തനങ്ങൾ നട

ത്തിക്കൊണ്ടാണ് ഈ സർക്കാർ മുന്നോട്ടു പോകുന്നത്. സംസ്ഥാനത്തെ റോഡുകളിലെ കുഴികൾ അടയ്ക്കാനുള്ള നടപടി സ്വാഗതാർഹമാണ്.

ശ്രീ. പി. ജെ. ജോസഫ്: സംസ്ഥാനത്ത് നടത്തുന്ന പട്ടയവിതരണത്തിലെ അപാകതകൾ പരിഹരിക്കണം. കൈമാറ്റം ചെയ്യാൻ പാടില്ലെന്ന വ്യവസ്ഥയോടെ ഇടുക്കി പോലുള്ള ജില്ലകളിൽ പട്ടയ വിതരണം നടത്തുന്നതുകൊണ്ട് പ്രയോജനം ഇല്ല. കാർഷിക വായ്പ എടുക്കണമെങ്കിൽപോലും ബാങ്കുകളിൽ പട്ടയം ഈട് വയ്ക്കണമെന്നുണ്ട്. അങ്ങനെ ഈട് വച്ചാൽത്തന്നെ തുക അനുവദിക്കാൻ കമേഴ്സ്യൽ ബാങ്കുകളോ സഹകരണ ബാങ്കുകളോ തയ്യാറാകുന്നുമില്ല. മറ്റ് ജില്ലകളിൽ പട്ടയം കൊടുക്കുമ്പോൾ ലഭ്യമാകുന്ന അവകാശം ഇടുക്കി ജില്ലയിലും കൊടുക്കണം. ഇക്കോ-ഫ്രെജൈൽ ലാൻഡ് എന്നതിന്റെ പേരിൽ കൃഷി ഭൂമി നഷ്ടപ്പെടുമോ എന്നുള്ള കർഷകരുടെ ആശങ്കയ്ക്ക് അടിയന്തിര പരിഹാരം ഉണ്ടാകണം. സംസ്ഥാനത്തെ റോഡുകളിൽ കുഴികൾ രൂപപ്പെടുന്ന വിഷയം പരിശോധനാ വിധേയമാക്കണം.വർഷങ്ങളോളം കേടാകാതിരിക്കുന്ന വിധത്തിൽ റോഡ് നിർമ്മാണം നടത്തണം. കെ.എസ്.ടി.പി. മാതൃകയിൽ വർക്കുകൾ ചെയ്യണം. കേരളത്തിലെ നാഷണൽ ഹൈവേകളുടെ വീതി കൂട്ടുന്നതിൽ നയപരമായ തീരുമാനം കൈക്കൊള്ളണം നാഷണൽ എക്സ്പ്രസ് ഹൈവേ നെറ്റ് വർക്ക് നേടിയെടുക്കാൻ സാധിക്കണം. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ 60 കി.മീറ്റർ വീതിയിൽ റോഡിന്റെ അലൈൻമെന്റ് പൂർത്തിയാക്കണം. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നാലുവരി പാത തീർന്നപ്പോൾ കേരളത്തിൽ ഒരു കിലോമീറ്റർ പോലും തീർന്നില്ല എന്നുള്ളത് ദു:ഖകരമാണ്. കേരളത്തിൽ റോഡുകളുടെ നില മെച്ചപ്പെടുത്തുന്നതിന്

കൈക്കൊണ്ടിട്ടുള്ള നടപടികളിൽ മാറ്റം വരുത്തണം. അയ്യായിരം കിലോമീറ്റർ റോഡ് റിന്യൂവൽ പ്രോഗ്രാമിൽ ഉൾപ്പെടുത്തി റീ-ടാർ ചെയ്യാൻ നടപടി സ്വീകരിക്കണം.

ശ്രീ. രാജാജി മാത്യു തോമസ് : ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായിട്ടാണ് എൽ.ഡി.എഫ് സർക്കാർ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്. ക്ഷേമപെൻഷനുകൾ 110 രൂപയിൽ നിന്ന് 300 രൂപയാക്കി വർദ്ധിപ്പിക്കുകയും ഗവൺമെന്റ് ജീവനക്കാർക്ക് ക്ഷാമബത്ത കൃത്യമായി നൽകുകയും കരാറുകാർക്കുള്ള കുടിശ്ശിക കൊടുത്തുതീർക്കുകയും ചെയ്തു. പ്രകൃതി ദുരന്തങ്ങൾക്ക് ലഭിക്കുന്ന ദുരിതാശ്വാസത്തുകയും കൃഷിനാശത്തിനുള്ള തുകയും കേന്ദ്ര ഗവൺമെന്റിന്റെ വിഹിതം ലഭിക്കുന്നത് കാത്ത് നിൽക്കാതെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു ദിവസം പോലും ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയില്ല. അയ്യായിരം കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുകയും 95 ശതമാനംവരെ പൂർത്തീകരിക്കുകയും ചെയ്തു. 2010-2011 ആകുമ്പോൾ മൂലധന ചെലവ് 4145 കോടി രൂപയാകും. മൂലധനച്ചെലവിൽ വൻപിച്ച വർദ്ധനവുണ്ടാക്കാൻ സാധിച്ചു. നിത്യനിദാന ചെലവുകൾക്ക് കടം വാങ്ങേണ്ട സാഹചര്യം വന്നിട്ടില്ല. കർഷക കടാശ്വാസ നിയമം കൊണ്ടുവരാനും കർഷക കടാശ്വാസ കമ്മീഷനെ നിയമിക്കാനും ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. തണ്ണീർത്തട സംരക്ഷണ നിയമം നടപ്പിലാക്കാൻ കഴിഞ്ഞു. വ്യാപകമായ ഭൂമി കയ്യേറ്റത്തിന് അറുതി വരുത്താനും ഭൂ സംരക്ഷണ ഭേദഗതി നിയമം

കൊണ്ടുവരാനും നടപടി സ്വീകരിച്ചു. 51 പട്ടയ മേളകളിലൂടെ ഒരുലക്ഷത്തി മുപ്പതിനായിരം പേർക്ക് ഭൂമി നൽകാൻ കഴിഞ്ഞു. താലൂക്ക് ലാന്റ് ബോർഡുകൾ പുന:സംഘടിപ്പിക്കുകയും ലാന്റ് റിഫോംസ് റിവ്യു ബോർഡുകൾ രൂപീകരിക്കുകയും ചെയ്തു. വനാവകാശ നിയമപ്രകാരം ഇതിനകം പതിനായിരത്തോളം ആളുകൾക്ക് വനാവകാശ രേഖ നൽകി. സംസ്ഥാനത്ത് നടന്നിട്ടുള്ള പതിനായിരത്തിലധികം അനധികൃത ഭൂമി കയ്യേറ്റങ്ങൾ കണ്ടെത്താനും നാലായിരത്തിലധികം കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും നടപടി സ്വീകരിച്ചു. മൂന്നാറിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികളുമായി ഈ സർക്കാർ മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. ആദിവാസികൾക്ക് വനാവകാശ നിയമമനുസരിച്ച് ഭൂമി കൊടുക്കുന്നതിനും മലയോര കർഷകർക്ക് പട്ടയം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചു. ഒരു ലക്ഷത്തി മുപ്പത്തിയൊൻപതിനായിരം ഏക്കർ ഭൂമി ലാന്റ്ബാങ്കിൽ നിക്ഷിപ്തമാക്കാൻ സാധിച്ചു. കേന്ദ്ര പ്ളാനിംഗ് കമ്മീഷന്റെ പോലും പ്രശംസ പിടിച്ചു പറ്റത്തക്കവിധത്തിൽ സുനാമി പുനരധിവാസ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. നദികൾക്കു കുറുകെ 471 നടപ്പാലങ്ങൾ നിർമ്മിക്കാൻ തീരുമാനിക്കുകയും 50 പാല ങ്ങൾക്ക് ഫണ്ട് അനുവദിക്കുകയും ചെയ്തു. നദികളും നദീതടങ്ങളും സംര ക്ഷിക്കുന്നതിനുവേണ്ടി 86 കോടി രൂപയുടെ പ്രത്യേക പദ്ധതിക്ക് രൂപം കൊടുത്ത് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് 63 താലൂക്കുകളിൽ ഭൂരഹിത രായ പാവപ്പെട്ടവർക്ക് ഭൂമി വിതരണം നടത്താൻ തീരുമാനിച്ചു. ഓരോ താലൂക്കിലും ചുരുങ്ങിയത് 500 പട്ടയം വീതമെങ്കിലും നൽകുന്നതിനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. 100 വർഷം പഴക്കമുള്ള ഹെറിറ്റേജ് റവന്യൂ

വില്ലേജുകൾ സംരക്ഷിക്കാൻ പ്രത്യേക പദ്ധതികൾക്ക് രൂപം നൽകുകയുണ്ടായി. കോടതിവിധിയുടെ അടിസ്ഥാനത്തിൽ നൽകിയിട്ടുള്ള പട്ടയങ്ങളിന്മേൽ കോടതിവിധിക്ക് വിധേയമായി എന്ന നിബന്ധന ഒഴിവാക്കിക്കൊടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. മലയോര കർഷകർക്ക് പട്ടയം നൽകുന്ന നടപടി ത്വരിതപ്പെടുത്തണം. റവന്യൂ ഉദ്യോഗസ്ഥരുടെ കുറവ് അടിയന്തിരമായി നികത്തണം. നിർമ്മാണം പൂർത്തിയാക്കി അടച്ചുപൂട്ടിക്കിടക്കുന്ന വില്ലേജ് ആഫീസ് കെട്ടിടങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ലോകബാങ്കിൽ നിന്നെടുക്കുന്ന വായ്പ വികസനപ്രവർത്തനങ്ങൾക്ക് പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കുന്നില്ല. സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിച്ചുവരികയാണ്. മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടിരിക്കുകയാണ്. ദേശീയപാത വികസനം പ്രതിസന്ധിയിലായിരിക്കുന്നു. സുനാമി ദുരിതാശ്വാസ നിധിയിൽനിന്നും പകുതി തുകപോലും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. സുനാമി ഭവനനിർമ്മാണ പദ്ധതി പ്രകാരം വളരെ കുറച്ച് ആളുകൾക്കു മാത്രമേ വീടുകൾ നൽകാൻ കഴിഞ്ഞിട്ടുള്ളൂ. സഹകരണ സംഘങ്ങളിൽനിന്നും മത്സ്യത്തൊഴിലാളികൾ എടുത്ത കടം തിരിച്ചടയ്ക്കുന്നതിനുള്ള 18 കോടി രൂപയുടെ ബാധ്യത ഏറ്റെടുക്കുന്നതിനുപകരം ആ തുക മത്സ്യത്തൊഴിലാളി കടാശ്വാസ നിധിയിൽ കൂട്ടിച്ചേർത്തിരിക്കുകയാണ്. ഏറ്റെടുത്ത റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്താൻ തയ്യാറാകണം. കേന്ദ്ര നിക്ഷേപവും കേന്ദ്രനികുതി വിഹിതവും കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ, സുനാമി പദ്ധതി, എൻ.ആർ.എ

ച്ച്.എം. തുടങ്ങിയവ മാറ്റിനിർത്തിയാൽ സംസ്ഥാനത്തിന്റേതായ ഒരു പദ്ധതിയും നടക്കുന്നില്ല. ലോട്ടറി നികുതി ഉൾപ്പെടെ നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ ഈ സർക്കാരിന് സാധിക്കുന്നില്ല. അമരവിള ചെക്ക്പോസ്റ്റിലൂടെ കോടികളുടെ കള്ളക്കടത്ത് നടക്കുകയാണ്. അഴിമതിരഹിത വാളയാറിലൂടെ സ്പിരിറ്റ് നിർലോഭം ഒഴുകുകയാണ്. ജനങ്ങൾക്ക് ഈ ഗവൺമെന്റിൽ വിശ്വാസം ഇല്ലാതായിരിക്കുകയാണ്.

<u>ശ്രീ. എ. എ. അസീസ്</u>: ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. മുൻ ഗവൺമെന്റിന്റെ കാലത്തൊന്നും ഉണ്ടാകാത്ത തരത്തിലുള്ള വികസന പ്രവർത്തനങ്ങളാണ് കഴിഞ്ഞ നാലുവർഷത്തിനിടയിൽ ഇവിടെ ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിരുന്ന പി.ഡബ്ല്യു.ഡി. കരാർ കോൺട്രാക്ടർമാരുടെ കുടിശ്ശിക കൊടുത്തുതീർത്തത് ഈ സർക്കാരാണ്. മരാമത്ത് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പി.ഡബ്ല്യു.ഡി. മാനുവൽ പരിഷ്ക്കരിക്കണം. നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഓരോ എം.എൽ.എ.-യ്ക്കും ഫണ്ട് അനുവദിച്ചതുവഴി കോടിക്കണക്കിന് രൂപയുടെ വികസനപ്രവർത്തനങ്ങളാണ് നടന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റ ദിവസംപോലും ട്രഷറി സ്തംഭനം ഉണ്ടായിട്ടില്ല.

<u>ശ്രീമതി ജെ. അരുന്ധതി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി 80 ശതമാനം പേർക്കും ഭക്ഷ്യസാധനങ്ങൾ വാങ്ങാൻ കഴിയാത്ത അവസ്ഥ സംജാതമായിരിക്കുന്നുവെന്നാണ് കേന്ദ്ര റിപ്പോർട്ട് വ്യക്തമാക്കുന്നത്. പെട്രോളിന്റേയും ഡീസലിന്റേയും പാചകവാതകത്തിന്റേയും വിലവർദ്ധനവ് പിൻവലിക്കില്ലെന്നും പാചകവാതക സബ്സിഡി വെട്ടിക്കുറയ്ക്കുമെന്നുമാണ് പ്രധാനമന്ത്രി പറയു

ന്നത്. വനിതാ സംവരണബിൽ ലോക്സഭയിൽ പാസ്സാക്കാൻ ഇതുവരേയും കഴിഞ്ഞിട്ടില്ല. ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുക്കുന്ന സർക്കാരാണ് ഈ സംസ്ഥാനം ഭരിക്കുന്നത്. വിലക്കയറ്റം നിയന്ത്രിക്കാനും, വിവിധ ക്ഷേമ പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാനും വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അനുവദിക്കാനും ട്രഷറി സ്തംഭനമില്ലാതാക്കാനും കഴിയുന്ന തരത്തിൽ വ്യക്തമായ ധനകാര്യ മാനേജ്മെന്റിലൂടെ മുന്നോട്ടുപോകുന്ന സർക്കാരാണിത്. ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുമെന്ന മന്ത്രിയുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. വരുമാന പരിധി കുറച്ച് പരമാവധിയാളുകളെ സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലുൾപ്പെടുത്തണം. ആശുപത്രികളിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തണം. കഴിഞ്ഞ നാല് വർഷംകൊണ്ട് ഒന്നേകാൽ ലക്ഷത്തിലധികം പേരുടെ ഭൂമിക്ക് പട്ടയം നൽകുകയും വനാവകാശ നിയമപ്രകാരം നൂറ് കണക്കിന് ആദിവാസികൾക്ക് ഭൂമി നിർണ്ണയിച്ചു നൽകുകയും ചെയ്തു. പൊട്ടൻചിറയിൽ കുടിൽ കെട്ടി താമസിക്കുന്ന ആദിവാസികൾക്ക് ഭൂമി പതിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കണം. കുറുപുഴ വില്ലേജിലെ പട്ടികജാതി വിഭാഗങ്ങളിൽപ്പെടുന്നവരുടെ ഭൂമി പോക്കുവരവ് ചെയ്ത് കൊടുക്കാൻ നടപടി സ്വീകരിക്കണം. പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എൻജിനിയർക്ക് എ.എസ്സ് കൊടുക്കാനുള്ള അധികാര പരിധി 15 ലക്ഷം രൂപ എന്നത് 25 ലക്ഷം രൂപയാക്കി ഉയർത്തണം. വൈഡനിംഗ് പൂർത്തിയാക്കിയ റോഡുകളുടെ ബാക്കി ഭാഗം നടപ്പാതയായി ഉപയോഗിക്കാനുള്ള നടപടി സ്വീകരിക്കണം. പഞ്ചായത്തുകളിൽ എ.ഇ.മാരുടെ കുറവുകൾ നികത്തണം. പി.ഡബ്ല്യു.ഡി. നടപടിക്രമങ്ങളിലുണ്ടാകുന്ന കാലതാമസം

ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. എം.ഡി.ആർ./ഒ.ഡി.ആർ റോഡുകളെ സംബന്ധിച്ച് വ്യക്തത ഉണ്ടാക്കണം. കെ.എസ്.ടി.പി. റോഡുകളിൽ ഓടകളും സ്ലാബുകളും നിർമ്മിക്കാൻ നടപടി സ്വീകരിക്കണം. നബാർഡ് ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന റോഡുകളുടെ പണി എത്രയും പെട്ടെന്ന് പൂർത്തിയാക്കണം. ഇ.എം.എസ്. പദ്ധതിയിലുൾപ്പെടുത്തി വീടു നിർമ്മിക്കുന്ന തിന് മണൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ന്യായമായ കൂലി ഉറപ്പാക്കണം.

<u>ശ്രീ. കെ.ബി. ഗണേഷ്കുമാർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പെട്രോൾ വില വർദ്ധനവിന്റെ പേരിൽ ഹർത്താൽ നടത്തിയതിലൂടെ ജനദ്രോഹപരമായ നടപടികളാണ് എൽ.ഡി.എഫ്. കൈക്കൊണ്ടിരിക്കുന്നത്. അശാസ്ത്രീയമായ രീതിയിൽ മഴക്കാലത്ത് റോഡുകളിലെ കുഴിയടയ്ക്കു ന്നത് യാത്രക്കാരെ കൂടുതൽ ദുരിതത്തിലാഴ്ത്തും. യു.ഡി.എഫ്. ഭരണകാലത്ത് നല്ല രീതിയിൽ നടന്നുവന്നിരുന്ന കെ.എസ്.ടി.പി.യുടെ പ്രവർത്തികൾ ഈ സർക്കാർ സ്തംഭിപ്പിച്ചു. റോഡിലെ കുഴികളടയ്ക്കാൻ പൊതുമരാമത്ത് വകുപ്പുമന്ത്രി പ്രഖ്യാപിച്ച കാലാവധി 5-7-2010-ന് അവസാ നിക്കാനിരിക്കേ ഇന്നലെ പത്തനാപുരത്ത് ദേശീയപാതയുടെ കുഴിയിൽ വീണുമരിച്ച സ്ത്രീയുടെ കുടുംബത്തിന് സർക്കാർ 3 ലക്ഷം രൂപയെങ്കിലും നഷ്ടപരിഹാരം നൽകണം. നികുതി പിരിവിന്റെ പേരിൽ വ്യാപാരി വ്യവസാ യികളെ ബുദ്ധിമുട്ടിപ്പിക്കുന്ന നടപടി അവസാനിപ്പിക്കണം. പി.ഡബ്ള്യു.ഡി. സംവിധാനം അഴിച്ചു പണിയണം. കെ.എസ്.ടി.പി. പദ്ധതിയിൽ പൂർത്തിയാ ക്കിയ റോഡുകളിൽ കുഴികൾ രൂപപ്പെടുന്നത് തടയാൻ നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.-യുടെ കടം വർദ്ധിക്കുന്നതിന്

പരിഹാരം കണ്ടെത്തണം. അഴിമതിയും കൈക്കൂലിയും അവസാനിപ്പിക്കണം. മണലൂറ്റുന്നതുമൂലം കല്ലടയാർ നേരിടുന്ന ശോച്യാവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുകയും തടയണ നിർമ്മിക്കുകയും ചെയ്യണം. പുരോഗമന ആശയങ്ങൾ പറയുന്നതല്ലാതെ ഈ സർക്കാരിന് അവ നടപ്പിലാക്കാൻ സാധിക്കാത്തത് ഖേദകരമാണ്.

ശ്രീ. പി. കൃഷ്ണപ്രസാദ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ധനകാര്യ മാനേജുമെന്റ് മെച്ചപ്പെടുത്താൻ കഴിഞ്ഞു. 5,000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ളത്. 2009–2010-ലെ പദ്ധതി ചെലവിന്റെ 95 ശതമാനവും നേടിയെടുക്കാൻ സർക്കാരിന് കഴിഞ്ഞു. റവന്യൂ കമ്മിയും ധനക്കമ്മിയും കുറയുകയും മൂലധനച്ചെലവ് വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. കടബാധ്യതയും പലിശയിനത്തിലുള്ള ചെലവും കുറയ്ക്കാൻ കഴിഞ്ഞു. സാധാരണ ജനങ്ങളിൽ അമിതഭാരം അടിച്ചേൽപ്പിക്കാതെ നികുതി വരുമാനം വർദ്ധിപ്പിച്ചിരിക്കുന്നു. കാർഷികോൽപ്പന്നങ്ങൾക്ക് വില വർദ്ധിച്ചത് കർഷകർക്ക് ആശ്വാസം നൽകുന്നതാണ്. ക്ഷീര കർഷകർക്ക് പാലിന് വില ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു. നെല്ലിന്റെ സംഭരണ വില 12 രൂപയായി ഉയർത്താനും പെൻഷൻ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനും കിലോയ്ക്ക് 2 രൂപ നിരക്കിൽ 36 ലക്ഷം കുടുംബങ്ങൾക്ക് അരി നൽകാനും സർക്കാരിന് സാധിച്ചു. പൊതുമേഖലയെ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിച്ചു. മലബാർ പാക്കേജിൽ 3,000 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി കൊടുക്കാനും 5,000 കോടി രൂപയുടെ ഇ.എം.എസ്. ഭവന പദ്ധതി പ്രാവർത്തികമാക്കാനും നടപടി സ്വീകരിച്ചു. എല്ലാവർക്കും വീടും സമ്പൂർണ്ണ

വൈദ്യുതീകരണ പദ്ധതിയും ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇരുപതിനായിരത്തോളം ആദിവാസി കുടുംബങ്ങൾ ഉൾപ്പെടെ 130000 കുടംബങ്ങൾക്ക് കൈവശരേഖ കൊടുക്കാൻ കഴിഞ്ഞു. വൻകിടതോട്ടം കമ്പനികൾക്ക് കൈവശം വയ്ക്കാവുന്ന ഭൂമിക്ക് പരിധി നിശ്ചയിക്കണം. ആദിവാസി ഭൂമി പ്രശ്നത്തിന്മേലുള്ള യു.ഡി.എഫ്-ന്റെ നിലപാട് വ്യക്തമാക്കണം. കാർഷിക മേഖലയേയും വ്യവസായ മേഖലയേയും സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പെട്രോളിയം ഉല്പന്നങ്ങളുടെ വില നിയന്ത്രിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ അധികാരം കുത്തക കമ്പനികൾക്ക് നൽകിയത് സംസ്ഥാനങ്ങളെ ദോഷകരമായി ബാധിക്കും. അഖിലേന്ത്യാടിസ്ഥാനത്തിൽ കർഷക ആത്മഹത്യ രൂക്ഷമായിരിക്കുമ്പോൾ സംസ്ഥാനത്ത് കർഷക ആത്മഹത്യ ഇല്ലാതാക്കാൻ സാധിച്ചു. കേന്ദ്ര ഗവൺമെന്റ് കോർപ്പറേറ്റുകളെ സഹായിക്കുന്ന നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഭക്ഷ്യ സുരക്ഷ ഇല്ലാതാക്കുകയും വിദേശ ഉദാരവൽക്കരണ സാമ്പത്തിക നയം കാർഷിക മേഖലയിൽ അടിച്ചേൽപ്പിക്കുകയും ചെയ്തിരിക്കുകയാണ്. സാധാരണക്കാരുടെ താല്പര്യം സംരക്ഷിക്കാനും 36 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി നൽകാനും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വഴി 30000 രൂപയുടെ വൈദ്യ സഹായം നൽകാനും എല്ലാവർക്കും വീട് ലഭ്യമാക്കാനും വൈദ്യുതി എത്തിച്ചു കൊടുക്കാനും നടപടി സ്വീകരിച്ച ഗവൺമെന്റാണിത്.

ശ്രീ. അൽഫോൺസ് കണ്ണന്താനം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വനാവകാശ നിയമം അനുസരിച്ച് എരുമേലിയിൽ 1500 പേർക്ക് കൈവശരേഖ കൊടുക്കാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. റിവർ

മാനേജ്മെന്റ് ഫണ്ടിൽപ്പെടുത്തി ഇക്കോ സിസ്റ്റം കോംപ്ലക്സുമായി ബന്ധപ്പെട്ട ന്യൂനതകൾ പരിഹരിക്കണം. ദേശീയപാത വികസനത്തിന്റെ കാര്യത്തിൽ സംസ്ഥാനത്ത് 6 വരിപ്പാതയെങ്കിലുമില്ലെങ്കിൽ ശാസ്ത്രീയ മായിരിക്കില്ല എന്നതാണ് വസ്തുത. അക്വിസിഷൻ നടപടികളിലൂടെ എറ്റെടുക്കുന്ന ഭൂമിക്ക് മാർക്കറ്റ് വില കൊടുക്കാൻ തയ്യാറാകണം. എല്ലാ രണ്ട് കിലോമീറ്ററും കഴിയുമ്പോൾ റോഡ് സൈഡിലുള്ള പോക്കറ്റ് സ്ഥലം ഏറ്റെടുത്ത് ഷോപ്പിംഗ് മാളുകൾ പണിത് വ്യാപാരികളെകൂടി റീഹാബിലിറ്റേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കണം. മുവാറ്റുപുഴ-പുനലൂർ റോഡ് പദ്ധതി നടപ്പിലാക്കണം. ജില്ലാ കളക്ടർമാർ ഓഫീസുകളിൽ മാത്രം ഇരിക്കാതെ ജനങ്ങൾക്കിടയിലേയ്ക്ക് ഇറങ്ങി ചെല്ലുന്ന സമീപനം സ്വീകരിക്കണം.

<u>ശ്രീ. ബി. ബാബു പ്രസാദ്</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പണം തടസ്സമാകില്ലെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും എം.എ.എൽ.മാരെ ട്രഷറി നിക്ഷേപം സമാ ഹരിക്കുന്നതിനുള്ള ക്യാൻവാസിംഗ് ഏജന്റുമാരാക്കി നിശ്ചയിക്കുകയും ചെയ്തിരിക്കുന്നത് പ്രതിഷേധാർഹമാണ്. 2008-ൽ ഹരിപ്പാട് നിയോജകമണ്ഡലത്തിൽ വിഷൻ 2010 എന്ന പേരിൽ നടപ്പിലാക്കിയ പദ്ധതിയും രണ്ടരക്കോടി രൂപ ചെലവഴിച്ച് നിർമ്മിക്കാനുദ്ദേശിക്കുന്ന കോർട്ട് കോംപ്ലക്സിന്റെ പണിയും പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം. മിനി സിവിൽ സ്റ്റേഷന്റെ പണിക്കും ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തീകരിക്കണം. നാഷണൽ ഹൈവേ 47-ൽ ഹരിപ്പാട് മുതൽ അമ്പല പ്പുഴ വരെയുള്ള റോഡിന്റെ പുനർനിർമ്മാണത്തിന് അടിയന്തിര നടപടി സ്വീകരിക്കണം. വിവിധയിനങ്ങളിലായി സർക്കാർ പിരിക്കുന്ന നികുതികൾ

ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് വ്യക്തത വേണം. പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന 13000 കിലോമീറ്റർ റോഡ് ജില്ലാ പഞ്ചായത്തിന്റെ കയ്യിൽനിന്നും പി.ഡബ്യ്യൂ.ഡി. ഏറ്റെടുത്ത് നന്നാക്കണം. പി.എം.ജി.എസ്.വൈ. പദ്ധതി യിൻകീഴിൽ രണ്ട് ഫേസുകളിലായി ഏറ്റെടുത്ത റോഡുകൾ പൂർത്തിയാക്കണം. കരാറുകാർ പണി വൈകിക്കുന്ന പ്രവണത അവസാനിപ്പിക്കണം. സുനാമി പുനരധിവാസ പദ്ധതിയനുസരിച്ച് ആറാട്ടുപുഴയിൽ 'സമഗ്ര' എന്ന ഏജൻസി ഏറ്റെടുക്കുന്ന വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. എം. ഹംസ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മികച്ച ധനകാര്യ മാനേജുമെന്റിലൂടെ അഴിമതി ഇല്ലാതാക്കിയും കൃത്യമായി നികുതി പിരിച്ചെടുത്തും വരുമാനം വർദ്ധിപ്പിച്ചു. സർക്കാർ ഉദ്യോഗസ്ഥരുടെ ക്ഷാമബത്ത കൊടുത്തുതീർക്കുന്നതിനും ക്ഷേമ പെൻഷനുകൾ 110 രൂപയിൽ നിന്ന് 300 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും 36 ലക്ഷം ആളുകൾക്ക് രണ്ട് രൂപ നിരക്കിൽ അരി കൊടുക്കുന്നതിനും നടപടി സ്വീകരിച്ചു. വാളയാർ ചെക്ക്പോസ്റ്റ് അഴിമതിരഹിതമാക്കി. ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള പ്രവർത്തികൾക്ക് എ.എസ് കൊടുക്കേണ്ട നടപടിക്രമങ്ങൾ ലളിതമാക്കിക്കൊണ്ട് വികേന്ദ്രീകരണത്തിന്റെ മാതൃക സൃഷ്ടിക്കണം. പി.ഡബ്ള്യ്യു.ഡി വകുപ്പിൽ പ്ലാനിംഗിനും ഡിസൈനിംഗിനും പ്രത്യേക വിംഗ് ഉണ്ടാക്കുകയും അവിടെ ക്വാളിഫിക്കേഷൻ ഉള്ളവരെ നിയമിച്ച് ജില്ലാതലത്തിൽ അപ്രൂവൽ കൊടുക്കാനുള്ള സംവിധാനമുണ്ടാക്കുകയും ചെയ്യണം. റോഡ് വർക്കുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും അഴിമതിക്കാരെ

കണ്ടുപിടിക്കുന്നതിനും അനധികൃത കെട്ടിടനിർമ്മാണം കണ്ടുപിടിക്കുന്നതിനും വേണ്ടി ലാബുകൾ സ്ഥാപിക്കണം. ഭൂരഹിതരായ ഒരുലക്ഷത്തി മുപ്പതിനായിരം പേർക്ക് പട്ടയം കൊടുക്കാനും വനാവകാശ നിയമമനുസരിച്ച് ഭൂമി കൊടുക്കാനും നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണ്. അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ചു. റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കണം. വില്ലേജ് ആഫീസർമാരെ ഇടയ്ക്കിടയ്ക്ക് സ്ഥലം മാറ്റണം. പാലക്കാട് ജില്ലയിലെ റീ-സർവ്വേയുമായി ബന്ധപ്പട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ അദാലത്ത് സംഘടിപ്പിക്കണം. മണൽ മാഫിയയെ നിയന്ത്രിക്കാൻ വർഷംതോറും കടവുകൾ മാറ്റിക്കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം. ഭാരതപ്പുഴ പാക്കേജ് നടപ്പാക്കണം. സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് അനുകൂലമായ മാറ്റം ഉണ്ടായിക്കൊണ്ടി രിക്കുന്നു. ഇൻഡ്യാ ഗവൺമെന്റിന്റെ തെറ്റായ സാമ്പത്തിക നയത്തിനെതിരാ യിട്ടുള്ള ജനമുന്നേറ്റമാണ് നടന്നുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. കെ. അജിത്</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനോപകാ രപ്രദമായ നിരവധി വികസന പ്രവർത്തനങ്ങൾ നടത്താൻ ഈ ഗവണ്മന്റിന് കഴിഞ്ഞു. ധനകാര്യ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾമൂലം ഒരു ദിവസംപോലും ട്രഷറി പൂട്ടേണ്ട സ്ഥിതി ഉണ്ടായിട്ടില്ല. ക്ഷേമ പെൻഷനുകൾ കുടിശ്ശികയില്ലാതെ കൊടുക്കാൻ കഴിഞ്ഞു. 5000 കോടി രൂപയുടെ മാന്ദ്യ വിരുദ്ധ പാക്കേജുമായി ബന്ധപ്പെട്ട് 3000 കോടി രൂപയ്ക്കുള്ള പ്രവർത്തനാ നുമതി നൽകിക്കഴിഞ്ഞു. 140 നിയോജക മണ്ഡലങ്ങളിലും ഒരേപോലുള്ള വികസന പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. 2009 ഡിസംബർ

മാസം വരെയുള്ള കരാർ കുടിശ്ശിക കൊടുത്തുതീർത്തു. പ്രത്യേക പരിഗണന നൽകി റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. സ്വകാര്യ ഏജൻസികളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് പി.ഡബ്ള്യു.ഡി. ഡിസൈൻ വിഭാഗത്തിലെ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. ജീവനക്കാരുടെ ഭാഗത്തുനിന്നുമുണ്ടാകുന്ന ജനദ്രോഹകരമായ നടപടികൾ അവസാനിപ്പിക്കണം. അംഗൻവാടി ജീവനക്കാർക്ക് രണ്ട് രൂപ നിരക്കിലുള്ള അരിയും ക്ഷേമപെൻഷനും നൽകണം. ക്ഷേമനിധി രൂപീകരിച്ചുകൊണ്ട് പഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷൻ കൊടുക്കാനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. മോൻസ് ജോസഫ്</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വികസന പ്രവർത്തനങ്ങൾ യഥാസമയം നടപ്പാക്കുന്നതിന് ഒരു സ്പെഷ്യൽ സ്കീം കൊണ്ടുവന്ന് സ്ഥലമെടുപ്പ് പ്രക്രിയ ത്വരിതഗതിയിലാക്കുന്നതിന് റവന്യൂ വകുപ്പ് നടപടി സ്വീകരിക്കണം. പാടശേഖരങ്ങൾ കരഭൂമിയായി മാറുന്നത് തടയാൻ കഴിയുന്നില്ല. സർവ്വേയർമാരുടെ ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. പി.ഡബ്ള്യു.ഡി. മാനുവൽ പരിഷ്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വകുപ്പുതലത്തിൽ ചെയ്തുതീർത്തിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ സംയുക്തപരിശോധനകൂടി നടത്തി പി.ഡബ്ല്യു.ഡി. മാനുവൽ പരിഷ്ക്കരിക്കണം. കെ.എസ്.ടി.പി.യുടെ രണ്ടാം ഘട്ടത്തിലേയ്ക്ക് ആവശ്യമായ 1356 കോടി രൂപയുടെ വായ്പയെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ക്ലിയറൻസ് ലഭ്യമാക്കിയാൽ സംസ്ഥാനതലത്തിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ പ്രത്യേക മുൻഗണന കൊടുത്തില്ലെങ്കിൽ

സമയബന്ധിതമായി കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ടത്തിന്റെ പ്രവർത്തനങ്ങൾ നടത്താൻ കഴിയില്ല. ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് വ്യക്തമായ തീരുമാനം കൈക്കൊള്ളണം.

ശ്രീ. സി.കെ.പി. പത്മനാഭൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാരിന് ഭദ്രമായ സാമ്പത്തിക അടിത്തറയുണ്ടാക്കാൻ കഴിഞ്ഞു. ആഗോളസാമ്പത്തിക രംഗത്തും ദേശീയസാമ്പത്തിക രംഗത്തും പ്രതിസന്ധി ഉണ്ടായ സന്ദർഭത്തിലാണ് കേരളത്തെ സംരക്ഷിക്കാൻ ബദൽനയം അവതരിപ്പിച്ചുകൊണ്ട് ഈ സർക്കാർ മുന്നോട്ടുപോയത്. സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക കൊടുത്തുതീർക്കാനും സംസ്ഥാനത്ത് റവന്യൂകമ്മി കുറച്ചുകൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് നികുതി വർദ്ധിപ്പിക്കാതെ മൂലധനച്ചെലവും വരുമാനവും വർദ്ധിപ്പിച്ചു. സ്വർണ്ണത്തിന് നികുതി വർദ്ധിപ്പിക്കാനും ആഡംബരനികുതി പിരിച്ചെടുക്കാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പ്രതിദിനം 10 രൂപ പ്രകാരം ഓരോ വീട്ടിലും എത്തിക്കുന്ന ഒരു പെൻഷൻ നയം സർക്കാർ ആവിഷ്ക്കരിച്ചത് ഇന്ത്യയ്ക്കുതന്നെ മാതൃകയാണ്. 1000 കോടി രൂപയുടെ ഹരിത ബഡ്ജറ്റ് ആദ്യമായി കൊണ്ടുവന്നത് ഈ സംസ്ഥാനത്താണ്. കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർത്തു. സംസ്ഥാനത്തെ അവശേഷിക്കുന്ന നെൽവയലുകൾ സംരക്ഷിക്കാൻ ഈ ഗവൺമെന്റ് നിയമമുണ്ടാക്കി. കടാശ്വാസ കമ്മീഷൻ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി കർഷക ആത്മഹത്യകൾ തടഞ്ഞു. അന്യാധീനപ്പെട്ട ഭൂമി തിരിച്ചു പിടിക്കുകയും ഭൂമി കയ്യേറ്റം തടയാൻ നടപടി സ്വീകരിക്കുകയും ചെയ്തു. ഒന്നര ലക്ഷത്തിലധികം വരുന്ന കർഷകർക്ക് ഭൂമിക്ക്

പട്ടയം കൊടുത്തു. ആദിവാസികൾക്ക് ഭൂമി പതിച്ചു നൽകാൻ നടപടി സ്വീകരിച്ചു. സംസ്ഥാനത്ത് വികസനത്തിനാവശ്യമായ ഭൂമി ലഭ്യമാക്കാൻ സാധിച്ചു. കേരളത്തിൽ മുങ്ങിമരണം ഇല്ലാതാക്കാൻ എല്ലാവരെയും നീന്തൽ പഠിപ്പിക്കാനുള്ള സംവിധാനമുണ്ടാക്കണം. ജനക്ഷേമകരമായ നടപടികളിലൂടെ മുന്നോട്ടു പോകുന്ന എൽ.ഡി.എഫ്. സർക്കാരിനെതിരെയുള്ള കുപ്രചരണങ്ങൾ അവസാനിപ്പിക്കണം.

ശ്രീ. കെ. സി. ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേന്ദ്രത്തിന്റെ സാമ്പത്തിക നയങ്ങൾകൊണ്ടുമാത്രമാണ് ആഗോള സാമ്പത്തിക മാന്ദ്യത്തിലും രാജ്യത്തിന് പിടിച്ചുനിൽക്കാൻ സാധിച്ചത്. പ്രകൃതിക്ഷോഭംമൂലം കൃഷിനാശത്തിന് ആനുപാതികമായ നഷ്ടപരിഹാരം കൊടുക്കണം. സംസ്ഥാനത്തെ ധനകാര്യ മാനേജുമെന്റ് പല കാരണങ്ങൾകൊണ്ടും ഒരു മിസ്മാനേജുമെന്റായി മാറിയിരിക്കുകയാണ്. കഴിഞ്ഞ നാല് കൊല്ലക്കാലമായി പ്ളാൻ അടങ്കലിൽ ചെലവഴിച്ചത് 78.28 ശതമാനം മാത്രമാണ്. വികസനത്തിനുവേണ്ടി പണം പോര എന്നുപറയുന്ന സർക്കാർ ലഭ്യമായ പ്ളാൻ അലോക്കേഷൻ പോലും ചെലവഴിക്കുന്നില്ല. കഴിഞ്ഞ വർഷത്തെ പദ്ധതിച്ചെലവിന്റെ 70 ശതമാനം തുകയും ചെലവഴിച്ചത് അവസാനത്തെ മൂന്ന് മാസങ്ങളിലാണ്. കേന്ദ്രത്തിന്റെ സാമ്പത്തിക നയംമൂലം പൊതുകടം എടുക്കാൻ കഴിയുന്നില്ലെന്നു പറയുന്നുണ്ടെങ്കിലും 2006-ലെ പൊതുകടം 45,929 കോടി രൂപയായിരുന്നുവെങ്കിൽ 2010 ആയപ്പോൾ അത് 70,017 കോടി രൂപയായി വർദ്ധിക്കുകയാണ് ചെയ്തത്. ഈ സർക്കാരിന്റെ ഭരണം അവസാനിക്കുമ്പോൾ അത് 80,000 കോടി രൂപയിൽ എത്തും. ലഭ്യമായ പണം ചെലവഴിച്ചത് വികസന

പ്രവർത്തനങ്ങൾക്കുവേണ്ടിയല്ല മറിച്ച് അൺപ്രൊഡക്ടീവ് മേഖലകളിലാണെന്നത് സർക്കാരിന്റെ മിസ്മാനേജുമെന്റിന്റെ തെളിവാണ്. ട്രഷറിയിൽ പണം മിച്ചം വയ്ക്കുന്നതും ട്രഷറി പൂട്ടാതിരിക്കുന്നതും പ്ളാൻ അലോക്കേഷൻ ചെലവഴിക്കാത്തതുകൊണ്ടാണ്. 2010-ൽ റവന്യൂ കമ്മിയില്ലാത്ത ബഡ്ജറ്റായിരിക്കും അവതരിപ്പിക്കുക എന്ന സർക്കാരിന്റെ വാഗ്ദാനം പാലിക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാർ പ്രഖ്യാപിച്ച കാലാവധി കഴിഞ്ഞിട്ടും ദേശീയപാതയിലെ കുഴികളടയ്ക്കാൻ സാധിച്ചിട്ടില്ല. ജില്ലാതലത്തിലുള്ള റോഡുകൾക്ക് എം.ഡി.ആർ. സ്റ്റാറ്റസ് കൊടുക്കണം. സംസ്ഥാനത്തിന്റെ വികസനത്തിന് മുഖ്യകണ്ണിയായ റോഡുകൾ എം.ഡി.ആർ. ആക്കി മാറ്റുന്നതും അല്ലാതാക്കുന്നതുമായ അവസാനിപ്പിക്കണം. പി.ഡബ്ളിയു.ഡി. വകുപ്പിലെ അഴിമതി അവസാനിപ്പിക്കണം. സംസ്ഥാനത്തിന്റെ സമഗ്രമായ വികസനത്തിന് അനിവാര്യമായ മലയോര ഹൈവേയും മലയോര റോഡ് ശൃംഖലയും പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കണം. എം.എൽ.എ.മാർ ഡെപ്പോസിറ്റ് കളക്ട് ചെയ്ത് കമ്മിഷൻ വാങ്ങി വികസന പ്രവർത്തനങ്ങൾ നടത്തണമെന്ന് പറയുന്നത് ശരിയല്ല. കേരളം പെട്രോൾ നികുതിയുടെ കാര്യത്തിൽ ഇൻഡ്യയിൽ മൂന്നാം സ്ഥാനത്തും ഡീസൽ നികുതിയുടെ കാര്യത്തിൽ ഒന്നാം സ്ഥാനത്തുമാണ്. സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ കുറവ് വരുത്താതെ കേന്ദ്രത്തെ ആക്ഷേപിക്കുന്ന നയം ശരിയല്ല. വികസന രംഗത്തെ ധനകാര്യ മാനേജുമെന്റ് മാതൃകാപരമല്ല.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഇടുക്കി ജില്ലയിലെ മലയോര കർഷകർക്ക് പട്ടയം കൊടുക്കുന്നതിനും ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ആവശ്യത്തിന് ജീവനക്കാരെ

നിയമിക്കുന്നതുൾപ്പെടെ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സുനാമി ദുരിതാശ്വാസത്തിനായി 1024.85 കോടി രൂപ കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. ബാക്കി സംഖ്യ കേന്ദ്ര സർക്കാർ ഉടനെ തരുമെന്നാണ് പ്രതീക്ഷിക്കുന്നത്. 734 വീടുകളുടെ പണി ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ആറായിരത്തോളം വീടുകൾ അടുത്ത മാസത്തോടെ കൈമാറ്റം ചെയ്യാൻ സാധിക്കും. 2010 ഡിസംബർ 31-നുള്ളിൽ പട്ടയ വിതരണം പരമാവധി പൂർത്തിയാക്കാനുള്ള കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സർവ്വേ നടപടികൾ പൂർത്തിയാക്കി ആദിവാസി വനാവകാശ നിയമം അനുസരിച്ചുള്ള ഭൂമി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. വയനാട്, കോട്ടയം, പാലക്കാട്, തിരുവനന്തപുരം ജില്ലയിലെ പട്ടയമേളകൾ അടുത്ത രണ്ട് ആഴ്ചകളിൽ നടത്തുന്നതാണ്. ജൂലൈ 31-നുള്ളിൽ സംസ്ഥാനത്തെ പട്ടയമേള പൂർത്തിയാക്കുന്നതോടെ ഏകദേശം ഒന്നര ലക്ഷത്തോളം പട്ടയം വിതരണം ചെയ്യാൻ കഴിയുന്നതാണ്. ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കിയിരിക്കുന്ന ഭൂമി പൊതു ആവശ്യങ്ങൾക്കും ഭൂരഹിതർക്ക് വിതരണം ചെയ്യാനും ഉപയോഗിക്കാൻ കഴിയുന്നതാണ്. ചാലക്കുടി മണ്ഡലത്തിലെ കൊരട്ടിയിൽ ഐ.ടി.യുടെ ഇൻഫോ പാർക്ക് പ്രവർത്തനം ആരംഭിച്ചു. വിമുക്തഭടൻമാർക്കുവേണ്ടി എല്ലാ സൗകര്യങ്ങളുമുള്ള ആശുപത്രി സ്ഥാപിക്കാൻ കേന്ദ്രം ആവശ്യപ്പെട്ടപ്രകാരം ഒന്നു രണ്ട് ജില്ലകൾ ഒഴിച്ച് ബാക്കിയെല്ലായിടത്തും ഭൂമി കൊടുത്തു കഴിഞ്ഞു.. സാമൂഹ്യ സുരക്ഷാപദ്ധതികൾ നടപ്പാക്കിക്കൊണ്ടായിരിക്കും വലിയ പ്രോജക്ടുകൾക്ക് സ്ഥലം ഏറ്റെടുക്കുന്നത്. കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പ്രശ്നങ്ങൾക്ക് മുൻഗണന നൽകുന്നതായിരിക്കും. റവന്യൂ/സർവ്വേ വകുപ്പുകളിൽ അടിയന്തിര സ്വഭാവത്തോടുകൂടി ഭൂമി ഏറ്റെടുക്കുന്നതിന്

പുതിയ പോസ്റ്റുകൾ സൃഷ്ടിക്കാനും മറ്റു സംവിധാനങ്ങൾക്കുംവേണ്ടി തീരുമാനം എടുക്കുന്നതാണ്. ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി, എം.എൻ ലക്ഷംവീട് പദ്ധതി, എസ്.സി./ എസ്.ടി പദ്ധതി എന്നിവയിലൂടെ നിർമ്മിച്ച 400 ഓളം വീടുകൾ ഒന്നിച്ച് വരുമ്പോൾ കെ.ആർ. നാരായണന്റെ പേരിൽ ഒരു കമ്മ്യൂണിറ്റി വില്ലേജ് രൂപീകരിക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. പ്രസ്തുത കമ്മ്യൂണിറ്റി വില്ലേജിൽ സ്വന്തമായി സ്ഥലം, വീട് , ശുദ്ധജലം, വൈദ്യുതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, പ്രൈമറി ഹെൽത്ത് സെന്ററുമായി ബന്ധപ്പെട്ട് സബ്സെന്റർ, അംഗൻവാടി, കുട്ടികൾക്കുള്ള മറ്റ് സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. എല്ലാ ജില്ലയിലും കമ്മ്യൂണിറ്റി വില്ലേജ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 1993-ൽ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന നിയമത്തിലെ ചട്ടത്തിൽ പറഞ്ഞിരിക്കുന്ന ഭൂമി വിൽപ്പന നടത്താൻ പാടില്ലെന്ന വ്യവസ്ഥ ഒഴിവാക്കണമെന്നാണ് ഇടുക്കിയിലെ കർഷകരുടെ ആവശ്യം. സുപ്രീംകോടതി വിധി അനുസരിച്ച് പട്ടയവിതരണം ആരംഭിച്ചപ്പോൾ ഭൂമിയുടെ വിൽപ്പന നടത്താനുള്ള അവകാശം ഉപാധിരഹിതമായി കിട്ടണമെന്ന ആവശ്യമാണ് അവർ ഉന്നയിച്ചത്. അതുകൊണ്ട് ഈ വ്യവസ്ഥയിൽ മാറ്റം വരുത്തണമെങ്കിൽ ചട്ടത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട ആശ്വാസ നടപടികൾക്ക് കാലതാമസം ഉണ്ടായാൽ അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണം. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായം ലഭ്യമാക്കുന്നതിന് രണ്ട് ദിവസത്തിനകം സ്ഥലം എം.എൽ.എ. യെ അറിയിച്ച് അപേക്ഷ നൽകണം. ദുരിതാശ്വാസ ധനസഹായം വിതരണം ചെയ്യാനായിട്ടുള്ള തുക 14 ജില്ലകളിലും അഡ്വാൻസായി ജില്ലാകളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്. ഇടിമിന്നൽ

കൊണ്ടുണ്ടാകുന്ന നാശനഷ്ടങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ കാലവർഷക്കെടുതിക്കുള്ള ദുരിതാശ്വാസ മാനദണ്ഡത്തിന്റെ പരിധിയിലുൾപ്പെടുത്തണമെന്ന ആവശ്യം പ്രധാനമന്ത്രിയെ നേരിൽക്കണ്ട് അറിയിക്കുകയുണ്ടായി. ഇടിമിന്നൽ കൊണ്ടുണ്ടാകുന്ന നാശനഷ്ടങ്ങളെ പ്രത്യേകമായി പരിഗണിച്ച് തുക അനുവദിക്കുന്നുണ്ട്. ദുരന്തനിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അതോറിറ്റികൾ നിലവിൽ വരികയും സംസ്ഥാന ഗവൺമെന്റ് ഇതുസംബന്ധിച്ച് നയം ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര നിയമത്തിൽ പറയുന്നതനുസരിച്ച് സംസ്ഥാന ജില്ലാ തലങ്ങളിൽ ദുരന്ത ലഘൂകരണ നിധിയും ദുരന്ത പ്രതികരണ നിധിയും ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ദുരന്ത പ്രതിരോധം, ലഘൂകരണം, ജാഗ്രത, പ്രതികരണം തുടങ്ങിയ കാര്യങ്ങൾക്ക് പ്രസ്തുത ഫണ്ട് വിനിയോഗിക്കാവുന്നതാണ്. ധനകാര്യ കമ്മീഷന്റേയും കേന്ദ്ര ആഭ്യന്തര വകുപ്പിന്റേയും സംസ്ഥാന ഗവൺമെന്റിന്റേയും തീരുമാനങ്ങൾക്ക് വിധേയമായി ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നതിനായി വിപുലമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പാലത്തിന്റെ അഭാവത്തിൽ എട്ട് കുട്ടികൾ മുങ്ങി മരിച്ച മഞ്ചേരിയിലെ അരീക്കോട് പാലത്തിന്റെ പണി ആരംഭിച്ചുകഴിഞ്ഞു. പാലം പണിയുന്നതിനുള്ള 29 കടവുകളുടെ കൂട്ടത്തിൽ അമ്പത് കടവുകളെക്കൂടി പ്രയോറിറ്റി ലിസ്റ്റിൽപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്നതോടൊപ്പം കൂടുതൽ കടവുകൾ നേടിയെടുക്കാനുള്ള കൂട്ടായ പരിശ്രമം നടത്താനും കൂടുതൽ ഫണ്ട് ലഭ്യമാക്കാനും ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയുമാണ്. വിദഗ്ദ്ധൻമാരുടേയും ശാസ്ത്രജ്ഞൻമാരുടേയും അഭിപ്രായങ്ങൾ ആരാഞ്ഞതിനുശേഷം റിവർ

മാനേജ്മെന്റ് ഫണ്ട് ഉപകാരപ്രദമായ പദ്ധതികൾക്ക് വിനിയോഗിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. റാന്നി, പെരുമ്പെട്ടി മേഖലയിൽ ലാൻഡ് മാഫിയകൾ കള്ളയാധാരം ഉണ്ടാക്കി കോടതിയിൽ സാധൂകരിക്കാൻ ശ്രമം നടത്തുന്നതിനെക്കുറിച്ച് കൂടുതൽ അന്വേഷണം നടത്തുന്നതാണ്. പുതിയ ഭൂസംരക്ഷണ (ഭേദഗതി) നിയമത്തിൽ ലാൻഡ് മാഫയികൾക്ക് കൂട്ടു നിൽക്കുന്ന ഉദ്യോഗസ്ഥർക്കും ജയിൽശിക്ഷ അനുശാസിക്കുന്നുണ്ട്. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ സുരക്ഷാ പദ്ധതി കൊണ്ടുവരുന്നതിന്റെ ഭാഗമായി ഫാസ്റ്റ് ട്രാക്ക് സംവിധാനം വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള ബില്ലിന്റെ കരട് തയ്യാറാക്കിയിട്ടുണ്ട്. തൃശൂർ ജില്ലയിൽ കോൾ മേഖലയിലെ നെല്ലുൽപ്പാദനം കാലാവസ്ഥാ വ്യതിയാനംമൂലം ഉദ്ദേശിച്ച രീതിയിൽ ലഭിക്കാത്ത സാഹചര്യത്തിൽ കർഷകർക്ക് ധനസഹായം കൊടുക്കാൻ ആവശ്യമായ തുക ജില്ലാകളക്ടറെ ഏൽപ്പിച്ചിട്ടുണ്ട്. കാലവർഷക്കെടുതിയിൽ തീരപ്രദേശത്ത് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വീതം കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ റീ-സർവ്വേ നടപടി ഭൂമികേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതാണ്. വില്ലേജ് ഓഫീസുകളിലെ അഴിമതി അവസാനിപ്പിക്കാൻ കഴിഞ്ഞു. ധനാഭ്യർത്ഥന ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കണക്കിലെടുത്ത് ഈ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാൻ പരിശ്രമിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്)</u> : തിരുവനന്തപുരം നഗരവികസന പദ്ധതിക്കും കെ.എസ്.ടി.പി. പദ്ധതിക്കുമുള്ള 37 കോടി രൂപ

നൽകാത്തതിനാൽ സംസ്ഥാനത്തിന് 205 കോടി രൂപ നഷ്ടമായെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്ത സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിൽ 12 റോഡുകളിലായി 42 കിലോമീറ്റർ അപ്ഗ്രഡേഷനും രണ്ട് മേൽപ്പാലങ്ങളും ഒരു അടിപ്പാതയും പണിയുന്നതിനാണ് 105 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. 15 വർഷംകൊണ്ട് അടച്ചുതീർക്കുന്ന ആനുവിറ്റിയായിട്ടാണ് ടെണ്ടർ വിഭാവനം ചെയ്തത്. ടെണ്ടർ 530 കോടി രൂപയ്ക്കാണ് കൊടുത്തത്. 2004 ഡിസംബർ 31-നകം ഭൂമി ഏറ്റെടുത്തു നൽകാമെന്നുപറഞ്ഞ് കരാറിലേർപ്പെട്ട ഉമ്മൻചാണ്ടി സർക്കാർ സ്ഥാനമൊഴിയുമ്പോൾ വെറും 14 കിലോമീറ്ററിനുള്ള ഭൂമി മാത്രമാണ് ഏറ്റെടുത്തു നൽകിയത്. മേൽപ്പാലത്തിന്റെ ഭൂമിപോലും പൂർണ്ണമായും ഏറ്റെടുത്ത് ഏൽപ്പിച്ചിരുന്നില്ല. ഈ സർക്കാർ കരാറുകാർക്കുള്ള പണം പിടിച്ചുവച്ചിരുന്നില്ല. ആവശ്യമായ പണം ട്രിഡ ജില്ലാ കളക്ടർക്ക് ലഭ്യമാക്കിയിരുന്നു. രണ്ട്-മൂന്ന് മാസത്തെ താമസം ചില സന്ദർഭങ്ങളിൽ വന്നിട്ടുണ്ട്. പുതിയ സർക്കാർ വന്നു കഴിഞ്ഞിട്ടും സ്ഥലം ഏറ്റെടുത്തു കൊടുക്കാൻ താമസം വന്നിട്ടുണ്ടെങ്കിലും ഇപ്പോൾ 95 ശതമാനം ഭൂമിയും ഏറ്റെടുത്തിട്ടുണ്ട്. മേൽപ്പാലം പണിയുന്നതിനുള്ള ഭൂമി ലഭ്യമാകാത്ത സാഹചര്യത്തിലാണ് പൂഞ്ച്ലോയ്ഡ് പണി നിറുത്തിവച്ചത്. 535 കോടി രൂപയുടെ ആനുവിറ്റി കൊടുക്കാൻ പറ്റുകയില്ലെന്ന നിലപാടാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. യു.ഡി.എഫ് ഗവൺമെന്റിന്റെ ഭരണകാലത്ത് കരാർ പ്രകാരം ഭൂമി ഏറ്റെടുത്ത് കൊടുക്കാത്തതിനാൽ നഷ്ടപരിഹാരം ആവശ്യപ്പെട്ട് 280 കോടി രൂപയുടെ ക്ളെയിം വച്ചു. ആർബിട്രേറ്റർ 124 കോടി

രൂപ അനുവദിച്ചു. കെ.എസ്.ടി.പി പദ്ധതിക്ക് യു.ഡി.എഫ്. സർക്കാർ കരാർ ഒപ്പിട്ടെങ്കിലും ഭൂമി ഏറ്റെടുത്ത് നൽകിയില്ല. തുടർന്ന് 90 കോടി രൂപയുടെ നഷ്ടപരിഹാരത്തിന് പതിബെൽ കമ്പനി സർക്കാരിനെതിരെ കേസ് കൊടുത്തു. ഇക്കാര്യത്തിൽ ലോകബാങ്ക് അധികൃതർ സംസ്ഥാനത്തിന് അനുകൂലമായി ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നതും യു.ഡി.എഫ്. സർക്കാർ കണക്കിലെടുത്തില്ല. ഇടുതമുന്നണി സർക്കാർ വന്നപ്പോൾ ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി കരാറുകാർക്കെതിരെ കേസ് നൽകാൻ തീരുമാനിച്ചു. കരാർ പ്രകാരം 2006-ൽ പണി പൂർത്തീകരിക്കേണ്ടതാണ്. സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം പോലെതന്നെ ഈ പദ്ധതിക്കും കരാർ പ്രകാരം ഭൂമി ഏറ്റെടുത്ത് കൊടുക്കാത്തതിന് നഷ്ടപരിഹാരത്തിന് അവർ ക്ളെയിം ചോദിച്ചു. പിന്നീട് ഭൂമി ഏറ്റെടുത്ത് കൊടുത്തിട്ടും പണി നടന്നില്ല. കമ്പനി കേരള സർക്കാരിനെതിരായി 90 കോടി രൂപയുടെ ക്ളെയിം വയ്ക്കുകയുണ്ടായി. ലോകബാങ്ക് റിവ്യൂ ടീം പ്രസ്തുത കമ്പനിയെ ബ്ളാക്ക് ലിസ്റ്റ് ചെയ്യണമെന്ന് പറഞ്ഞിട്ടുപോലും കഴിഞ്ഞ സർക്കാർ ഒരു പൈസയുടെ ക്ളെയിം പോലും വച്ചില്ല. കഴിഞ്ഞ ഗവൺമെന്റിന് ക്ളെയിം വയ്ക്കാൻ അവകാശമുണ്ടെങ്കിലും അത് ചെയ്യാതെ അവരുടെ നിലപാടുകൾ തിരുത്തണമെന്ന് ആവശ്യപ്പെടുകയാണ് ചെയ്തത്. യു.ഡി.എഫ്. ഗവൺമെന്റ് മുൻകൈയെടുത്ത് എക്സ്റ്റെൻഷൻ കൊടുത്തതുവഴി അവരുടെ ക്ളെയിം ഫോർസേക്ക് ചെയ്യുകയാണ് ഉണ്ടായത്. അന്നത്തെ സെക്രട്ടറിയോ അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥനോ ക്ളെയിം വയ്ക്കണമെന്നു പറഞ്ഞ് ബിൽ പേമെന്റ് നിറുത്തിവച്ചു. അന്ന് റെയ്സ് ചെയ്യുമ്പോൾ ക്ളെയിം 18 കോടി രൂപയിൽ കൂടുതലാണ്. എന്നാൽ ക്ളെയിം ചെയ്തത് കഴിച്ച് ബാക്കി കാശ് കൊടുക്കാൻ

ധനകാര്യ വകുപ്പ് പറഞ്ഞുവെങ്കിലും കൊടുത്തില്ല. പണി നിന്നുപോയതിനെത്തുടർന്ന് ഇനി കാശ് കൊടുക്കേണ്ടതില്ലെന്ന നിലപാട് ഉദ്യോഗസ്ഥൻ എടുത്തു. നോൺ ബിൽ പേമെന്റ് കൊടുക്കാൻ ധനകാര്യ വകുപ്പ് വീണ്ടും ആവശ്യപ്പെട്ടുവെങ്കിലും കൊടുത്തില്ല. തുടർന്ന് സംസ്ഥാന സർക്കാർ കരാർ ലംഘിച്ചുവെന്നുപറഞ്ഞ് കരാർ റദ്ദാക്കുകയാണ് ചെയ്തത്. ഇതിന് ഉത്തരവാദി ആരാണെന്ന് വിജിലൻസ് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി) : 205 കോടി രൂപയുടെ നഷ്ടം വരുത്തിയത് യു.ഡി.എഫ് ഗവൺമെന്റ് ആണോ ഈ ഗവൺമെന്റ് ആണോ എന്നുള്ളതാണ് തർക്കം. അതുകൊണ്ട് കെ.എസ്.ടി.പി.പദ്ധതിയുടേയും തിരുവനന്തപുരം നഗരവികസന പദ്ധതിയുടേയും കാര്യത്തിൽ നടന്ന അഴിമതികളെക്കുറിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തി യഥാർത്ഥ കുറ്റവാളികളെ കണ്ടെത്താൻ തയ്യാറുണ്ടോ?

ഡോ. തോമസ് ഐസക് : ഇതുസംബന്ധിച്ച് വിജിലൻസ് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

(ജുഡീഷ്യൽ അന്വേഷണം നടത്താൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികൾ ഒന്നടങ്കം സഭ ബഹിഷ്കരിച്ച് പുറത്തുപോയി.)

ജില്ലാ റോഡുകളുടെ കാര്യത്തിൽ ഈ മാസം 7-ാം തീയതി മുതൽ കൂടുന്ന എം.എൽ.എ.-മാരുടെയും എഞ്ചിനീയർമാരുടെയും യോഗത്തിൽ പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കുന്നതാണ്. പി.ഡബ്ള്യു.ഡി. മാനുവൽ പരിഷ്കരിക്കേണ്ടതുണ്ട്. കൂടാതെ ധാരാളം നവീകരണ പ്രവർത്തന

ങ്ങൾ ചെയ്യേണ്ടതുണ്ട്. പരാമർശവിധേയരായ കോൺട്രാക്ടർമാരുടെ പ്രവർത്തനം സംബന്ധിച്ച് പരിശോധിക്കുന്നതാണ്. വാളയാർ, അമരവിള, മഞ്ചേശ്വരം എന്നീ ചെക്ക്പോസ്റ്റുകളിലെ കൊമേഴ്സ്യൽ ടാക്സസ് വിഭാഗ ത്തിൽ കൈക്കൂലി ഇല്ലാതാക്കി. സംസ്ഥാനത്തെ റോഡുകൾ സഞ്ചാര യോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കെ.എസ്.ടി.പി. ഒന്നാം ഘട്ടം പൂർത്തിയായിക്കഴിഞ്ഞാൽ രണ്ടാംഘട്ടത്തിന്റെ പണി ആരംഭിക്കുന്ന താണ്.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിച്ചു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI -ാം നമ്പർ ധനാഭ്യർത്ഥനയും പ്രകൃതി ക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥ നയും പൊതുമരാമത്ത് എന്ന XV- ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്ക ണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.40-ന് പിരിഞ്ഞു.